بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാള്യം 10

ലക്കം 34

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ആഗസ്റ്റ് 21 • ഹി.ശം 1404 ളുഹൂർ 21 • ഹി:ഖ 1447 സ്വഫ്ർ 26

## അല്ലാഹുവിന്റെ വചനം

فَمِنَ النَّاسِ مَنۡ یَّقُوۡلُ رَبَّنَاۤ اٰتِنَا فِی الدُّنۡیَا وَمَا لَہٗ فِی الۡاٰخِرَۃِ مِنۡ خَلَاقٍ

(سورۃ البقرۃ:201)

ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് ഇഹലോകത്ത്(സുഖജീവിതം) നൽകേണമേ.' എന്നു പ്രാർഥിക്കുന്ന ചിലർ മനുഷ്യരിലുണ്ട്. അവർക്കാകട്ടെ പരലോകത്ത് ഒരു വിഹിതവുമില്ല.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഏതൊരു മനുഷ്യനാണോ ഉപകാരപ്രദനും അവന്റെ മതത്തിന്റെ സേവകനുമായിട്ടുള്ളത് അല്ലാഹു സ്വയമേവ അവന്റെ ആയുസ്സിലും ആരോഗ്യത്തിലും അനുഗ്രഹമിടുന്നു. ശർറുന്നാസ് അഥവാ കുഴപ്പക്കാരെ ഒട്ടും പരിഗണിക്കുകയില്ല. അതുകൊണ്ട് നിങ്ങൾ സകല ജോലിയും എല്ലാ അവസ്ഥയും അല്ലാഹുവിലായിക്കൊണ്ടു ചെയ്യുക. അല്ലാഹുതന്നെ നിങ്ങളെ സുരക്ഷിതരായി വെക്കുന്നതായിരിക്കും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلام ന്റെ ഉപദേശങ്ങൾ

### ജീവിതത്തിന്റെ ആഗ്രഹം പാപത്തിന്റെ വേര്

ജീവിതത്തിന്റെ അമിതാഗ്രഹം ഭൂരിഭാഗവും പാപങ്ങളുടേയും ദൗർബല്യങ്ങളുടേയും വേരാണ്. നമ്മുടെ സ്നേഹിതന്മാർ നിർബന്ധമായും ചെയ്യേണ്ടത് യഥാർഥ ഉടമസ്ഥന്റെ സംതൃപ്തിയിൽ പ്രിയപ്പെട്ട സമയങ്ങൾ ചെലവഴിക്കാൻ ശ്രമിക്കുക എന്നതാണ്. ചുരുക്കമിതാണ്, അങ്ങനെയല്ലെങ്കിൽ ഇന്നു യാത്ര പോകുന്നവരിലും അമ്പതു വർഷത്തിനുശേഷം പോകുന്നവരിലും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്. ഇന്നുള്ള ചന്ദ്രനും സൂര്യനും തന്നെയാണ് ആ ദിവസവുമുണ്ടായിരിക്കുക. ഏതൊരു മനുഷ്യനാണോ ഉപകാരപ്രദനും അവന്റെ മതത്തിന്റെ സേവകനുമായിട്ടുള്ളത് അല്ലാഹു സ്വയമേവ അവന്റെ ആയുസ്സിലും ആരോഗ്യത്തിലും അനുഗ്രഹമിടുന്നു. ശർറുന്നാസ് അഥവാ കുഴപ്പക്കാരെ ഒട്ടും പരിഗണിക്കുകയില്ല. അതുകൊണ്ട് നിങ്ങൾ എല്ലാ ജോലിയും എല്ലാ അവസ്ഥയും അല്ലാഹുവിലായിക്കൊണ്ടു ചെയ്യുക. അല്ലാഹുതന്നെ നിങ്ങളെ സുരക്ഷിതരായി വെക്കുന്നതായിരിക്കും.

മുപ്പതുവർഷത്തിലധികം കഴിയുന്നു, അല്ലാഹു എന്നോടു വ്യക്തമായ വാക്കുകളിൽ പറഞ്ഞു: "നിന്റെ പ്രായം 80 വർഷം അല്ലെങ്കിൽ രണ്ടോനാലോ അധികമോ കുറവോ ആയിരിക്കും. ഇതിലും രഹസ്യമുണ്ട്. അതായത് ഏതൊരു ജോലിയാണോ എന്നെ ചുമതലപ്പെടുത്തിയിട്ടുള്ളത് അത് ഇക്കാലയളവിൽ പൂർത്തീകരിക്കുന്നത് സമ്മതമായിരിക്കും. അതുകൊണ്ട് എനിക്കെന്റെ രോഗത്തിൽ ഒരിക്കലും മരണത്തെക്കുറിച്ച് ദുഃഖമുണ്ടായിട്ടില്ല.

എനിക്ക് നല്ലവണ്ണം ഓർമയുണ്ട്, ഏതൊരു മരങ്ങളുടെ താഴെയാണോ ഞാൻ ആറേഴുവയസ്സ് പ്രായത്തിൽ കളിക്കാറുണ്ടായിരുന്നത് ഇന്നും അതേപോലെതന്നെ ചില മരങ്ങൾ പച്ചപിടിച്ച് നിൽക്കുന്നു. പക്ഷേ, ഞാനെന്റെ അവസ്ഥ മറ്റെന്തോ ആയിട്ടുള്ളതായി കാണുന്നു. നിങ്ങൾക്കും ഇത് സങ്കൽപ്പിച്ചു നോക്കാവുന്നതാണ്. സമകാലീനരായവരുടെ ഈ കുത്തിപ്പറയൽ നല്ല അവസരമായി മനസ്സിലാക്കുക. അതിൽ ആത്മാവിന്റെ സംസ്കരണം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ ഇതില്ലെങ്കിൽപ്പിന്നെ മൗലായെകരീമിനുള്ള സേവനവും ഹദ്റത്തെ ഇസ്സത്തിനുള്ള കാഴ്ചദ്രവ്യവും എന്തായിരിക്കും? നിങ്ങൾ രോഗത്തെക്കുറിച്ച് ചിന്താകുലരാകുന്നു. നിങ്ങൾക്കു മുമ്പേയുണ്ടായിരുന്ന സഹോദരങ്ങൾ അതായത് സ്വഹാബത്ത് ബയ്അത്ത് ചെയ്തുതന്നെ ജീവനർപ്പിക്കുമെന്ന് പറഞ്ഞുകൊണ്ടായിരുന്നു. എപ്പോഴാണ് തങ്ങളുടെ യഥാർഥ ദൈവത്തിന്റെ വഴിയിൽ മരണംവരിക്കാനുള്ള ആ സമയം വരികയെന്നോർത്ത് അവർ കാത്തുകാത്തിരുന്നു. ചുരുക്കത്തിൽ എല്ലാ അവസ്ഥയിലും ആരോഗ്യമുള്ളപ്പോഴാകട്ടെ രോഗമുള്ളപ്പോഴാകട്ടെ നിങ്ങൾ ഉദാരനായ യജമാനനോടു കാര്യങ്ങൾ ശരിയാക്കി വെക്കുക. എല്ലാജോലിയും നല്ലതായിത്തീരുന്നതായിരിക്കും."*(മൽഫൂദാത്ത് വാള്യം 2, പേജ് 82 2018 പതിപ്പ്, ഖാദിയാൻ)*

**നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക എന്നത് എല്ലാവരുടേയും നിർബന്ധ കടമയാണ്. നമസ്കാരം കൃത്യസമയത്ത് നമസ്കരിക്കുക എന്നത് എല്ലാ ഓരോരുത്തരുടേയും നിർബന്ധ കടമയാണ്. നമസ്കാരം ജമാഅത്തായി നമസ്കരിക്കുകയെന്നത് എല്ലാ ഓരോരുത്തരുടേയും നിർബന്ധ കടമയാണ്. നമസ്കാരത്തിനുള്ളിൽ മഹ്വിയ്യത്തിൽ അഥവാ അല്ലാഹുവിനെ കുറിച്ചുള്ള ചിന്തയിൽ മുഴുകിയിരിക്കൽ എല്ലാ ഓരോരുത്തരുടേയും നിർബന്ധ കടമയാണ്. എത്രമാത്രം മഹ്വിയ്യത്ത് അഥവാ ലയനമുണ്ടാക്കണമെന്നാൽ നബിﷺതിരുമേനി പറഞ്ഞതനുസരിച്ച് ഒന്നുകിൽ അവൻ അല്ലാഹുവിനെ കണ്ടുകൊണ്ടിരിക്കുന്നു അല്ലെങ്കിൽ അല്ലാഹു അവനെ കണ്ടുകൊണ്ടിരിക്കുന്നുവെന്ന ദൃഢമായ വിശ്വാസം ഉൾക്കൊള്ളുമാറാകണം.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنه മുഅ്മിനൂൻ എന്ന അധ്യായത്തിലെ 10-ാമത്തെ വചനമായ **വല്ലദീനഹും അലാ സ്വലവാത്തിഹിം യുഹാഫിളൂൻ** എന്ന വചനത്തിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു:

ഈമാനിന്റെ ആറാമത്തെ പദവി നഫ്ലുകൾ നമസ്കരിക്കുക എന്നതാണ്. അതായത് അല്ലാഹുവിന്റെ സന്നിധിയിൽ ഇങ്ങനെ പ്രകടിപ്പിക്കുക, 'ഞാൻ ഫർളുകൾ നിറവേറ്റിയിരിക്കുന്നു. എന്നാൽ, ഈ ഫർളുകൾകൊണ്ട് എനിക്ക് തൃപ്തികൈവന്നിട്ടില്ല.' അവൻ പറയുന്നു: 'അല്ലാഹുവേ! ഈ ഫർളുകളുടെ നേരത്തിനു പുറമേയും നിന്റെ ദർബാറിൽ ഹാജരാകാൻ ആഗ്രഹിക്കുകയാണ്. ഏതുപോലെയെന്നാൽ, പലയാളുകളും ഏതെങ്കിലും മഹാത്മാവുമായി കൂടിക്കാഴ്ചയ്ക്കുപോകുമ്പോൾ നിശ്ചിതസമയം കഴിഞ്ഞാൽ രണ്ടുമനിറ്റുകൂടി ചോദിക്കാറുണ്ട്. അവർ ആ പുറമെയുള്ള രണ്ടുമിനിറ്റിൽ സുഖം അനുഭവിക്കുന്നു. ഇതുപോലെ ഒരു സത്യവിശ്വാസി ഫർളുകൾ നിർവഹിച്ചതിനുശേഷം നഫ്ലുകളും നമസ്കരിക്കുന്നു. അപ്പോൾ അവൻ അല്ലാഹുവിനോടു പറയുന്നു, ഇപ്പോൾ കുറച്ചു കൂടുതൽ സമയം ഹാജരാകാനാഗ്രഹിക്കുന്നുവെന്ന്.

ഈമാനിന്റെ 7-ാമത്തെ പദവി ഇതാണ്, മനുഷ്യൻ അഞ്ചുനമസ്കാരങ്ങളും നഫ്ലുകളും മാത്രം അനുഷ്ഠിക്കാതെ രാത്രിയിൽ തഹജ്ജുദും നമസ്കരിക്കുന്നു. നമസ്കാരം സമ്പൂർണമാകുന്ന ആ ഏഴുപദവികളാണിത്. ഈ പദവികൾ കരസ്ഥമാക്കുന്നവരെ സംബന്ധിച്ച്,

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനിയുടെ മഹത്ത്വം വളരെ ഉയർന്നതും ഉന്നതവുമാണ്. അത്തരമൊരു കാര്യം ആ മഹാത്മാവിന്റെ പേരിൽ ആരോപിക്കപ്പെടുക എന്നതുതന്നെ ശരിയല്ല. നബിﷺതിരുമേനി നിയമങ്ങൾ നടപ്പിലാക്കുന്നതിൽ പാറപോലെ ഉറച്ചുനിന്ന ആളായിരുന്നു, ആരെയും ഗൗനിച്ചിരുന്നില്ല. എന്നാൽ, ക്ഷമയുടെയും കാരുണ്യത്തിന്റെയും സമയത്ത് പട്ടുപോലെ മൃദുവുമായിരുന്നു. അദ്ദേഹത്തിനൊരു വിഷമമോ അസ്വാസ്ഥ്യമോ ഉണ്ടായിരുന്നില്ല.**

**മുൻകാലങ്ങളിൽ മക്കാനിവാസികൾ തന്നോടു ചെയ്ത അതിക്രമങ്ങൾക്ക് പ്രതികാരം ചെയ്യാൻ പ്രേരിതനായേക്കാമായിരുന്ന സന്ദർഭത്തിൽ, തന്റെ സൈന്യത്തെ എല്ലാവിധ രക്തച്ചൊരിച്ചിലിൽനിന്നും വിലക്കിയതും, താഴ്മയും അല്ലാഹുവിനോടുള്ള നന്ദിയും കഴിവതും പ്രകടിപ്പിച്ചതും അതീവ പ്രശംസനീയമായ കാര്യമാണ്. (ആർതുർ ഗിൽമാൻ)**

**മക്കാവിജയത്തിലൂടെ മുഹമ്മദ്ﷺ തന്റെ പ്രവാചകത്വ വാദത്തിന്റെ സത്യസന്ധത തെളിയിച്ചു. ഈ വിജയം ഒരുവിധ രക്തച്ചൊരിച്ചിലുമില്ലാതെയാണ് നേടിയത്. മുഹമ്മദിന്റെﷺ സമാധാനപരമായ നയം വിജയിച്ചു. ഏതാനും വർഷങ്ങൾക്കുള്ളിൽ മക്കയിൽ വിഗ്രഹപൂജ ഇല്ലാതായി. ഇക്‌രിമയെയും സുഹയ്‌ലിനെയും പോലുള്ള കടുത്ത എതിരാളികൾ ആത്മാർഥവും ആവേശവമുള്ള മുസ്‌ലിമീങ്ങളായി മാറി.(കാരൺ ആംസ്ട്രോങ്)**

**അടുത്ത വെള്ളിയാഴ്ച മുതൽ ഇൻശാ അല്ലാഹ്, അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് യു.കെ.യുടെ ജൽസസാലാനയും ആരംഭിക്കുകയാണ്. അതിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു തന്റെ അനുഗ്രഹങ്ങളാൽ ജൽസയെ അനുഗ്രഹിക്കുകയും എല്ലാ പരിപാടികൾക്കും തന്റെ അനുഗ്രഹങ്ങൾ നൽകുകയും ചെയ്യുമാറാട്ടെ.**

**ഫത്ഹെ മക്കയുടെ പശ്ചാത്തലത്തിൽ വിജ്ഞാനഭരിതമായ നബിചരിത്ര വിവരണം**

**ഖുത്വ്ബ ജുമുഅ 2025 ജൂലൈ 18, 1404 വഫാ 18, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:

ഇന്നും ഞാൻ മക്കാവിജയവുമായി ബന്ധപ്പെട്ട സംഭവങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതാണ്.

ആ നേരത്ത് നബിﷺതിരുമേനി മക്കയിൽ എത്രകാലം താമസിച്ചു എന്നതിനെക്കുറിച്ചും വിശദീകരണങ്ങളുണ്ട്. നബിﷺതിരുമേനി മക്കയിൽ വന്ന് മക്ക ജയിച്ചടക്കിയ ശേഷം ഏതാനും ദിവസങ്ങൾ അവിടെ താമസിച്ചു. എന്ന, എത്രകാലം താമസിച്ചു എന്നതിനെ സംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ട്. ബുഖാരിയിൽ ഹദ്റത്ത് ഇബ്നു അബ്ബാസിൽرضنിന്ന് ഉദ്ധരിക്കുന്നത്, നബിﷺതിരുമേനി മക്കയിൽ പത്തൊമ്പത് ദിവസം താമസിച്ചു എന്നാണ്. അദ്ദേഹം രണ്ടു റക്അത്താണ് നമസ്കരിച്ചിരുന്നത്, അതായത് ഖസ്ർ അഥവാ ചുരുക്കി നമസ്കരിച്ചു. ചില നിവേദനങ്ങളിൽ പതിനെട്ട്, പതിനേഴ്, പതിനഞ്ച് ദിവസങ്ങളും പരാമർശിച്ചിട്ടുണ്ട്. അല്ലാമ ഇബ്നു ഹജർ പത്തൊമ്പത് ദിവസത്തെ നിവേദനത്തിനാണ് മുൻഗണന നൽകിയിട്ടുള്ളത്. കാരണം മിക്ക നിവേദനങ്ങളിലും പത്തൊമ്പത് ദിവസമാണ് പരാമർശിച്ചിട്ടുള്ളത്. മറ്റു നിവേദനങ്ങളെ ഇങ്ങനെ വ്യാഖ്യാനിക്കാം: പത്തൊമ്പത് ദിവസത്തെ നിവേദനത്തിൽ മക്കയിൽ പ്രവേശിച്ച ദിവസവും പുറപ്പെട്ട ദിവസവും ഉൾപ്പെടുന്നു. പതിനേഴ് ദിവസമാണ് എന്ന് പറഞ്ഞവർ, വന്നതും പോയതുമായ ദിവസങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പതിനെട്ട് ദിവസമെന്ന് നിവേദനം ചെയ്തവർ, അവയിൽ ഒരു ദിവസം കണക്കിലെടുത്തു. പതിനഞ്ച് ദിവസത്തെ നിവേദനം പറഞ്ഞവർ, പതിനേഴ് ദിവസത്തെ നിവേദനം കണക്കിലെടുത്തു. അതായത് പ്രവേശിച്ച ദിവസവും പുറപ്പെട്ട ദിവസവും ഒഴിവാക്കി പതിനഞ്ച് ദിവസം പരാമർശിച്ചിരിക്കുന്നു. *(സുബുലുൽഹുദാ വാല്യം 5, പേജ് 261, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഫത്ഹുൽബാരി വാല്യം 2, പേജ് 715, ഖദീമീ കുതുബ്ഖാന കറാച്ചി)*

ചില പശ്ചാത്യ പണ്ഡിതന്മാരും നബിﷺതിരുമേനിയുടെ മക്കാവിജയത്തെക്കുറിച്ച് തങ്ങളുടെ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വില്യം മ്യൂർ ഒരു പ്രശസ്തനായ ഓറിയന്റലിസ്റ്റാണ് അഥവാ പൗരസ്ത്യപഠിതാവ് അദ്ദേഹം സ്കോട്ട്ലൻഡുകാരനായിരുന്നു. മക്കാവിജയത്തെക്കുറിച്ച് തന്റെ 'ദി ലൈഫ് ഓഫ് മുഹമ്മദ്' എന്ന ഗ്രന്ഥത്തിൽ നബിﷺതിരുമേനിയുടെ ഉദാത്ത മാതൃകയെക്കുറിച്ച് എഴുതുമ്പോൾ അദ്ദേഹം പറയുന്നു: മുഹമ്മദ്ﷺ കഴിഞ്ഞ കാലത്തെ എല്ലാ തെറ്റുകളും ക്ഷമിച്ചതും, അതായത് ആളുകളുടെ എല്ലാ കൊള്ളൊരുതായ്മകളും മാപ്പാക്കുക എന്നത്, അവരുടെ ഭാഗത്തുനിന്നുണ്ടായ ചെറുതും വലുതുമായ വിഷമങ്ങൾ മറന്നതും യഥാർഥത്തിൽ അദ്ദേഹത്തിന്റെ സ്വന്തം നേട്ടത്തിന് വേണ്ടിയായിരുന്നു. എന്നാൽ, ഇതെഴുതിയതിനുശേഷം, സത്യം അംഗീകരിക്കാൻ അദ്ദേഹം നിർബന്ധിതനാകുന്നു. അദ്ദേഹം പറയുന്നു: 'എങ്കിലും ഇതിന് മഹത്തായ, ഒരു ആർദ്രഹൃദയം ആവശ്യമാണ്. ഇതിന്റെ പ്രയോജനം അദ്ദേഹത്തിനു തന്നെയാണ് ലഭിച്ചത്. അതായത് അദ്ദേഹത്തിന്റെ ജന്മനാട്ടിലെ എല്ലാവരും അദ്ദേഹത്തോടൊപ്പം ചേരാൻ തുടങ്ങി, അദ്ദേഹത്തിന്റെ ലക്ഷ്യത്തെ പൂർണ്ണ സന്തോഷത്തോടും സവിശേഷമായ ഭക്തിയോടും കൂടി സ്വീകരിച്ചു. ഏതാനും ആഴ്ചകൾക്കുശേഷം, അവരിൽ രണ്ടായിരം പേർ അദ്ദേഹത്തിന്നടുത്ത് ആത്മാർഥമായി അണിനിരക്കുന്നതാണ് നാം കാണുന്നത്." (The Life of Mahomet by Sir william MuirPg 425-426, Chapter xxiv London Smith, Elder, &CO. 15 waterloo Place 1878)

ഇതുപോലെ, വില്യം മോണ്ട്ഗോമറി വാട്ട് എഴുതിയിരിക്കുന്നു: ഇദ്ദേഹവും സ്കോട്ടിഷ് ഓറിയന്റലിസ്റ്റ് അഥവാ പൗരസ്ത്യപഠിതാവായിരുന്നു. ഇസ്‌ലാമിനും നബിﷺതിരുമേനിക്കുമെതിരെ തന്റെ ഗ്രന്ഥങ്ങളിൽ വളരെ വിമർശിച്ചെഴുതിയ ആളായിരുന്നു അദ്ദേഹം. എന്നാൽ, അദ്ദേഹത്തിന്റെ 'മുഹമ്മദ് അറ്റ് മദീന' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: (അതിന്റെ തർജമ വായിക്കാം. മുമ്പേയും തർജമയാണ് ഞാൻ വായിച്ചിരുന്നത്): 'മക്കയിലെ പ്രമാണിമാരെ ഇസ്‌ലാം സ്വീകരിക്കാൻ നിർബന്ധിച്ചില്ല. (ഇത് അദ്ദേഹം അംഗീകരിക്കുന്നു.) ഈ പ്രമാണിമാരും മറ്റു പലരും അവിശ്വാസത്തിൽത്തന്നെ

തുടർന്നു. എല്ലാറ്റിനുമുപരിയായി, അദ്ദേഹം അതായത് നബി ﷺതിരുമേനി തന്റെ കീഴിലുള്ള സഖ്യത്തെ നയിച്ച രീതിയും, തങ്ങളോടു നീതിയോടുകൂടി വർത്തിക്കുന്നുവെന്ന് ഏതാണ്ട് എല്ലാവരെയും ബോധ്യപ്പെടുത്തിയ രീതിയും ഇസ്‌ലാമിക സമൂഹത്തിൽ ഐക്യവും സംതൃപ്തിയും ആവേശവും വർധിപ്പിച്ചു. ഇതു മറ്റു സ്ഥലങ്ങളിലെ അസ്വസ്ഥതകളിൽനിന്ന് വ്യത്യസ്തമായിരുന്നു. ഇത് തീർച്ചയായും പലർക്കും വ്യക്തമായി മനസ്സിലായിട്ടുണ്ടാകും. ഇത് മുഹമ്മദ് ﷺലേക്ക് അവരെ ആകർഷിച്ചു. ഇതിലെല്ലാം ഒരു കാര്യം തീർച്ചയായും ആകർഷണീയമാണ്. മുഹമ്മദിന്റെﷺലക്ഷ്യത്തിലും കാഴ്ചപ്പാടിലും ദീർഘവീക്ഷണത്തിൽ അധിഷ്ഠിതമായ യുക്തിജ്ഞാനത്തിലുമുള്ള വിശ്വാസമാണത്. അദ്ദേഹത്തിന്റെ സമൂഹം ചെറുതായിരുന്നപ്പോഴും, തനിക്ക് ലഭ്യമായ സൗകര്യങ്ങളെല്ലാം ശത്രുക്കളിൽനിന്ന് സ്വയം രക്ഷിക്കാൻ വിനിയോഗിക്കുമ്പോഴും, അദ്ദേഹം ഒരു ഏകീകൃത അറബ് രാഷ്ട്രമെന്ന സങ്കൽപ്പത്തിന് ജന്മം നല്കുകയായിരുന്നു. അതു ബാഹ്യമായി വികസിക്കുകയും, മക്കയിലെ ആളുകൾക്ക് അവരുടെ പുരാതന വാണിജ്യ പങ്കിനേക്കാൾ മികച്ച പങ്കുണ്ടായിരിക്കുകയും ചെയ്യും. ഇപ്പോൾ മിക്കവാറും എല്ലാ ആളുകളും, ഏറ്റവും വലിയവർപോലും അദ്ദേഹത്തിന് മുന്നിൽ കീഴടങ്ങിയിരുന്നു. കാര്യമായ ബുദ്ധിമുട്ടുകളുണ്ടായിട്ടും, പലപ്പോഴും പ്രതികൂല സാഹചര്യങ്ങളിൽ പോലും, എന്നാൽ, മിക്കവാറും എല്ലായ്പ്പോഴും പൂർണ്ണ ആത്മവിശ്വാസത്തോടെ അദ്ദേഹം തന്റെ ലക്ഷ്യത്തിൽ മുന്നേറി. ഈ ചരിത്ര സംഭവങ്ങളുടെ യാഥാർഥ്യത്തിൽ നമുക്ക് വിശ്വാസമില്ലായിരുന്നെങ്കിൽ, ഒരു നിസ്സാരനായി കണക്കാക്കപ്പെടുന്ന മക്കയിലെ പ്രവാചകൻ തന്റെ നഗരത്തിൽ ഒരു വിജയിയായി തിരിച്ചുവരുമെന്ന് ആരും വിശ്വസിക്കില്ലായിരുന്നു.(Muhammad at Medina by W.Montgomery Watt Chapter The Winning of the Meccans Pg 6-68, 70 Ameena Saiyid, Oxford University Press Karachi 2006)

മറ്റൊരു പ്രശസ്തനായ പാശ്ചാത്യ ഓറിയന്റലിസ്റ്റ് അഥവാ പൗരസ്ത്യപഠിതാവാണ് ആർതുർ ഗിൽമാൻ. അമേരിക്കക്കാരനായിരുന്നു അദ്ദേഹം. മക്കാ വിജയത്തെക്കുറിച്ച് തന്റെ The Saracenes 'ദി സരസെൻസ്' എന്ന പുസ്തകത്തിൽ നബിﷺതിരുമേനിയുടെ പൊതുമാപ്പ്, ഉദാത്തമായ മാതൃക, സഹിഷ്ണുത എന്നിവയെ മാതൃകാപരമെന്ന് വിശേഷിപ്പിച്ചുകൊണ്ട് ഇങ്ങനെ എഴുതി: 'മുഹമ്മദ്ﷺതന്റെ വിശ്വസ്തനായ ഒട്ടകപ്പുറത്ത് കയറി നഗരത്തിൽ പ്രവേശിച്ചപ്പോൾ-അതേ ഒട്ടകമാണ് മറ്റു പല സന്ദർഭങ്ങളിലും അദ്ദേഹത്തെ വിശ്വസ്തതയോടെ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തെത്തിച്ചത്- നന്ദിയുടെ വികാരത്താൽ അദ്ദേഹത്തിന്റെ ഹൃദയം നിറഞ്ഞിരുന്നു. കാരണം, അദ്ദേഹം തെരുവുകൾ ഒഴിഞ്ഞുകിടക്കുന്നതു കണ്ടു. തന്നെ സമാധാനപരമായിട്ടായിരിക്കും സ്വാഗതം ചെയ്യുക എന്ന് മനസ്സിലാക്കി. മുൻകാലങ്ങളിൽ മക്കാനിവാസികൾ തന്നോടു ചെയ്ത അതിക്രമങ്ങൾക്ക് പ്രതികാരം ചെയ്യാൻ പ്രേരിതനായേക്കാമായിരുന്ന സന്ദർഭത്തിൽ, തന്റെ സൈന്യത്തെ എല്ലാവിധ രക്തച്ചൊരിച്ചിലിൽനിന്നും വിലക്കിയതും, താഴ്മയും അല്ലാഹുവിനോടുള്ള നന്ദിയും കഴിവതും പ്രകടിപ്പിച്ചതും അതീവ പ്രശംസനീയമായ കാര്യമാണ്. ഇത് ശരിയാണ്. അദ്ദേഹം എഴുതുന്നു: നേരത്തെ സൂചിപ്പിച്ച ഖാലിദ് ബിൻ വലീദിന്റെ സംഭവമാണ്, ഖാലിദ് ഒരു സ്ഥലത്ത് ശക്തിയെ ശക്തികൊണ്ടു നേരിട്ടു എന്നത് ശരിയാണ്. എന്നാൽ, മുഹമ്മദ്ﷺഅതിനെ കഠിനമായി വെറുക്കുകയാണ് ചെയ്തത്. ഇവിടെ നബിﷺതിരുമേനി ആദ്യം ചെയ്തത് കഅ്ബയെ വിഗ്രഹങ്ങളിൽനിന്ന് ശുദ്ധീകരിക്കുക എന്നതായിരുന്നു. അതിനുശേഷം തന്റെ മുഅദ്ദിനിനോട്(ബാങ്കു വിളിക്കുന്നയാൾ)കഅ്ബയുടെ മുകളിൽനിന്ന് നമസ്കാരത്തിന് ബാങ്ക് വിളിക്കാൻ കൽപ്പിച്ചു. കൂടാതെ, ഓരോരുത്തരും തങ്ങളുടെ കൈവശമുള്ള വിഗ്രഹങ്ങൾ തകർക്കാൻ വിളംബരം ചെയ്യിച്ചു. മുമ്പേ പല സന്ദർഭങ്ങളിലും അങ്ങേയറ്റം ക്രൂരമായി പെരുമാറിയ പത്തോ പന്ത്രണ്ടോ പേർക്ക് ശിക്ഷ നല്കാൻ കൽപ്പിക്കുകയും അവരിൽ നാലുപേരെ വധശിക്ഷയ്ക്ക് വിധിക്കുകയും ചെയ്തു. എന്നാൽ. ഈ നിലപാട് രാജ്യം കീഴടക്കിയ മറ്റു നേതാക്കളുടെ നിലപാടുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെയധികം മനുഷ്യത്വപരമാണെന്ന് വേണം പറയാൻ. 1099-ൽ ജറുസലേം കീഴടക്കിയപ്പോൾ എഴുപതിനായിരം മുസ്‌ലിം പുരുഷന്മാരെയും സ്ത്രീകളെയും നിസ്സഹായരായ കുട്ടികളെയും കൊന്നൊടുക്കിയ കുരിശുയോദ്ധാക്കളുടെ ക്രൂരതകളുമായി താരതമ്യം ചെയ്യുമ്പോൾ, അല്ലെങ്കിൽ 1874-എന്ന മറക്കാനാവാത്ത വർഷം കുരിശിന്റെ തണലിൽ പൊരുതിയ ബ്രിട്ടീഷ് സൈന്യം ആഫ്രിക്കയിലെ ഗോൾഡ് കോസ്റ്റിന്റെ തലസ്ഥാന നഗരി (ഘാനയുടെ പഴയ പേര്) യുദ്ധസമയത്ത് ചുട്ടെരിച്ചുകൊണ്ട് പ്രകടിപ്പിച്ച പരുഷ നിലപാടുകളുമായി താരതമ്യം ചെയ്യുമ്പോൾ മുഹമ്മദിന്റെﷺ വിജയം യഥാർഥത്തിൽ മതത്തിന്റെ വിജയമായിരുന്നു. അല്ലാതെ രാഷ്ട്രീയത്തിന്റേതായിരുന്നില്ല. അദ്ദേഹം എല്ലാത്തരം വ്യക്തിഗത ആദരവുകളെയും നിരസിച്ചു. രാജകീയ മേധാവിത്വത്തിന്റെ എല്ലാ വഴികളും ഒഴിവാക്കി. മക്കയിലെ അഹങ്കാരികളായ എല്ലാ നേതാക്കളെയും അദ്ദേഹത്തിന്റെ മുന്നിൽ കൊണ്ടുവന്നപ്പോൾ, 'ഇന്ന് നിങ്ങൾ എന്റെ കൈകളിൽ നിന്ന് എന്ത് പ്രതീക്ഷിക്കുന്നു?' എന്ന് അദ്ദേഹം അവരോട് ചോദിച്ചു. അവർ പറഞ്ഞു: 'ഓ ഞങ്ങളുടെ ഉദാരനായ സഹോദരാ, കരുണ.' നബിﷺതിരുമേനി പറഞ്ഞു: 'അങ്ങനെയാവട്ടെ. നിങ്ങൾ എല്ലാവരും സ്വതന്ത്രരാണ്.'(The Saracenes by Arthur Gillman, Fourth Edition, T.Fisher Unwain, London, 1887, Pg.184-185)

വേറൊരു ഓറിയന്റലിസ്റ്റാണ് റുത്ത് ക്രാൻസ്റ്റൺ. അവരും അമേരിക്കക്കാരിയായിരുന്നു. മക്കാ വിജയത്തെക്കുറിച്ച് തന്റെ 'വേൾഡ് ഫെയ്ത്ത്' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതുന്നു:

'ക്രിസ്ത്വബ്ദം 630-ന്റെ തുടക്കത്തിൽ, വെറും പത്തുവർഷം മുമ്പേ കല്ലെറിഞ്ഞ് നഗരത്തിൽ നിന്ന് പുറത്താക്കപ്പെടുകയും പരിഹാസത്തിന് ഇരയാക്കുകയും ചെയ്ത ആ വ്യക്തി, ഇപ്പോൾ തന്റെ പതിനായിരം പരിചയ സമ്പന്നരായ സൈനികരുമായി മക്കാനഗരത്തിൽ പ്രവേശിച്ചു. മുഹമ്മദ്ﷺആരെയും കൊല്ലരുതെന്ന് ഉത്തരവിട്ടിരുന്നു. പൗരന്മാരോട് ദയയോടെ പെരുമാറണമെന്ന് പറഞ്ഞു. എന്നാൽ, മക്കക്കാരുടെ എല്ലാ വാഗ്ദാനങ്ങളും ഉറപ്പുകളുമുണ്ടായിരുന്നിട്ടും, അദ്ദേഹത്തിന്റെ സൈനികർ ആക്രമിക്കപ്പെട്ടു. നബിﷺതിരുമേനിക്ക് തന്റെ കമാൻഡർ ഖാലിദിനെ, അന്ന് അദ്ദേഹത്തിന്റെ സൈന്യത്തിന്റെ മേധാവിയായിരുന്ന ഖാലിദിനെ, കടുത്ത പ്രതികരണത്തിൽനിന്ന് തടയാൻ ബുദ്ധിമുട്ടേണ്ടി വന്നു.'

എന്തായാലും, ഈ കാര്യത്തിൽ അവർ അതിശയോക്തി കാണിച്ചിട്ടുണ്ട്. അവിടെ ഒരു ഉറപ്പും നൽകിയിരുന്നില്ല. മക്കക്കാരാണ് ആദ്യം ആക്രമിച്ചത്. ഏതായാലും, പക്ഷപാതം എവിടെയെങ്കിലും പ്രകടമാകും. പിന്നീട് അവർ എഴുതുന്നു: 'രണ്ടു മുസ്‌ലിമീങ്ങളും ഇരുപത്തെട്ട് മക്കക്കാരും കൊല്ലപ്പെട്ടു. അത്തരം ഒരു സമയത്തും സാഹചര്യത്തിലും മറ്റൊരു നേതാവായിരുന്നെങ്കിൽ എത്രയധികം കൊലപാതകങ്ങളും നാശവുമായിരിക്കുമുണ്ടാകുക! എന്ന് സങ്കൽപ്പിക്കുക.' പിന്നീട് ഇവിടെയും അവർ സത്യം പറയാൻ നിർബന്ധിതയാകുന്നു. 'മുസ്‌ലിം സൈന്യം നഗരം പിടിച്ചടക്കിയപ്പോൾ, മുഹമ്മദ്ﷺതന്റെ വസ്ത്രം മാറ്റി വെളുത്ത ഇഹ്റാം ധരിച്ചു. അദ്ദേഹം ഹജ്ജിന്റെ നിർബന്ധമായ കർമങ്ങൾ നിർവഹിച്ചു. കഅ്ബയെ ഏഴു തവണ ത്വവാഫ് അഥവാ വലംവെച്ചു. എന്നിട്ട് തന്റെ ശേഷിച്ച കൂട്ടുകാരെ വിളിച്ചു. ആ മഹത്തായ ദിനത്തിലും തന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവസരത്തിലും തന്നോടൊപ്പം നിൽക്കുന്നതിനായി പലപ്പോഴും തങ്ങളുടെ ജീവൻ അപകടത്തിലാക്കി അദ്ദേഹത്തിന്റെ ലക്ഷ്യത്തിനുവേണ്ടി ത്യാഗങ്ങൾ ചെയ്ത കൂട്ടുകാർ! കല്ലുകൊണ്ടു നിർമിച്ച മുന്നൂറ്റിയറുപത് വിഗ്രഹങ്ങൾ, ഹുബുൽ ഉൾപ്പെടെ, ഓരോന്നായി കഅ്ബയിൽനിന്ന് നീക്കം ചെയ്യുകയും തകർക്കുകയും ചെയ്തു. ഓരോ വിഗ്രഹവും തകർക്കുമ്പോൾ മുഹമ്മദ്ﷺഉച്ചത്തിൽ പ്രഖ്യാപിച്ചു: 'സത്യം വന്നു, അസത്യം നശിച്ചു.' (World Faith By Rut Cranston page 216-217 Skeffington Stratford Place London 1953)

കാരൺ ആംസ്ട്രോങ് (Karan Armstrong)ഇദ്ദേഹവും ഒരു നല്ല ഓറിയന്റലിസ്റ്റാണ്. സാധാരണയായി വളരെ നീതിയോടെ എഴുതുന്നയാളാണ്. 1944-ൽ ജനിച്ചു. ഇംഗ്ലണ്ടിലെ ഒരു പ്രശസ്ത പണ്ഡിതയും എഴുത്തുകാരിയുമാണ്. മതതാരതമ്യ പഠനത്തിൽ തന്റെ രചനകളിലൂടെ അവർ പ്രശസ്തി നേടിയിട്ടുണ്ട്. തന്റെ 'മുഹമ്മദ്: എ ബയോഗ്രഫി ഓഫ് പ്രോഫെറ്റ്' എന്ന ഗ്രന്ഥത്തിൽ മക്കാവിജയത്തെക്കുറിച്ച് അവർ എഴുതിയിരിക്കുന്നു:

'അദ്ദേഹത്തിന്(നബിﷺതിരുമേനിക്ക്)രക്തരൂഷിതമായ പ്രതികാരം ചെയ്യാനുള്ള ഒരു ആഗ്രഹവുമുണ്ടായിരുന്നില്ല. ആരെയും ഇസ്‌ലാം സ്വീകരിക്കാൻ നിർബന്ധിച്ചില്ല, ആരുടെയുംമേൽ ഒരുവിധ സമ്മർദ്ദവും ചെലുത്തിയതായി തോന്നുന്നില്ല. മുഹമ്മദ് ﷺആളുകളെ നിർബന്ധിക്കാൻ ആഗ്രഹിച്ചിരുന്നില്ല. പ്രത്യുത അവർക്കിടയിൽ മൈത്രിയും അനുരഞ്ജനവും സ്ഥാപിക്കാനാണ് ആഗ്രഹിച്ചത്. അദ്ദേഹം മക്കയിൽ വന്നത് ഖുറയ്ശികളെ അടിച്ചമർത്താനായിരുന്നില്ല, മറിച്ച് അവർക്ക് നിഷ്പ്രയോജനകരമെന്ന് തെളിഞ്ഞ മതത്തെ ഇല്ലാതാക്കാനായിരുന്നു. മക്കാവിജയത്തിലൂടെ മുഹമ്മദ് ﷺ തന്റെ പ്രവാചകത്വ വാദത്തിന്റെ സത്യസന്ധത തെളിയിച്ചു. ഈ വിജയം ഒരുവിധ രക്തച്ചൊരിച്ചിലുമില്ലാതെയാണ് നേടിയത്. മുഹമ്മദിന്റെﷺ സമാധാനപരമായ നയം വിജയിച്ചു. ഏതാനും വർഷങ്ങൾക്കുള്ളിൽ മക്കയിൽ വിഗ്രഹപൂജ ഇല്ലാതായി. ഇക്രിമയെയും സുഹയ്‌ലിനെയും പോലുള്ള കടുത്ത എതിരാളികൾ ആത്മാർഥവും ആവേശവുമുള്ള മുസ്‌ലിമീങ്ങളായി മാറി.' (Muhammad A Biography of the Prophet by Karan Amstrong, page 243-245, Book Readers international Quetta)

എന്തായാലും, ഈ ഓറിയന്റിലിസ്റ്റുകളിൽ ചിലർ കടുത്ത എതിരാളികളായിരുന്നിട്ടും ഈ സത്യം തുറന്നു പറഞ്ഞു. അതിന് അവർ നിർബന്ധിതരായിരുന്നു. അവർക്ക് മറ്റു വഴികളുണ്ടായിരുന്നില്ല. മക്കാവിജയവുമായി ബന്ധപ്പെട്ട് ചില സംഭവങ്ങൾ ഇനിയുമുണ്ട്.

അവയിലൊന്ന് അബ്ദുല്ലാഹ് ബിൻ സഅ്ദ് ബിൻ അബീ സർഹിന്റെ തൗബയുടെ സംഭവമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹം മുമ്പേ ഇസ്‌ലാം സ്വീകരിച്ചിരുന്നു, വഹ്‌യ് എഴുതിയിരുന്ന ആളായിരുന്നു. പിന്നീട് മുർതദ്ദായി തിരിച്ചുപോയി. അദ്ദേഹത്തെ വധശിക്ഷയ്ക്ക് വിധിച്ചിരുന്നു എന്നും പറയപ്പെടുന്നു. മക്ക കീഴടക്കപ്പെട്ടപ്പോൾ അദ്ദേഹം ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാന്റെ അടുത്ത് ഒളിച്ചു. അദ്ദേഹം ഉഥ്മാന്റെ മുലകുടിബന്ധമുള്ള സഹോദരനായിരുന്നു. ഹദ്റത്ത് ഉഥ്മാൻ അയാളെ നബി ﷺതിരുമേനിയുടെ അടുത്ത് കൊണ്ടുവന്ന് അപേക്ഷിച്ചു: 'യാ റസൂലല്ലാഹ്! അബ്ദുല്ലയുടെ ബയ്അത്ത്(പ്രതിജ്ഞ)സ്വീകരിച്ചാലും. 'നബി ﷺതിരുമേനി കുറെ നേരം മൗനം പാലിച്ചു, എന്നിട്ട് അദ്ദേഹത്തിന്റെ ബയ്അത്ത് സ്വീകരിച്ചു. അബ്ദുല്ലാഹ് ബിൻ അബീ സർഹ് തിരിച്ചുപോയപ്പോൾ, രേഖപ്പെടുത്തുന്നവർ (നിവേദകർ) പറയുന്നു: നബി ﷺതിരുമേനി സ്വഹാബക്കളോടു പറഞ്ഞു: 'നിങ്ങളിൽ ആരെങ്കിലും എഴുന്നേറ്റ് ഇദ്ദേഹത്തെ വേഗം വധിക്കുന്നതിനായിരുന്നു ഞാൻ കുറച്ചധിക നേരം മൗനം പാലിച്ചത്.' സ്വഹാബാക്കൾ ചോദിച്ചു: 'യാ റസൂലല്ലാഹ്, അങ്ങ് എന്തുകൊണ്ട് ഞങ്ങൾക്ക് സൂചന നൽകിയില്ല?' അതിന് നബി ﷺ തിരുമേനി പറഞ്ഞു: 'ഒരു നബി കൊലയ്ക്ക് സൂചന നൽകുകയില്ല.' ചില നിവേദനങ്ങളിൽ ഈ വാക്കുകൾ ഇപ്രകാരമാണ്: 'ഒരു നബിക്ക് കണ്ണുകൾകൊണ്ടു പോലും വഞ്ചന കാണിക്കുന്നത് അനുവദനീയമല്ല.' (സീറത്ത് ഇബ്നു ഇസ്ഹാഖ്, പേജ് 529–530, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് ഇബ്നു ഹിശാം പേജ് 742, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അൽ ഇക്തിഫാ വാല്യം 2, പേജ് 225, ആലമുൽകുതുബ് ബെയ്റത്ത്)

എന്തായാലും, ഈ നിവേദനവും ഇതുപോലുള്ള മറ്റു നിവേദനങ്ങളും ചില ചരിത്ര ഗ്രന്ഥങ്ങളിലുള്ളതുകൊണ്ട് ഞാൻ ഇത് വിശദീകരിക്കുന്നു എന്നെയുള്ളൂ. എന്നാൽ, ഇതെല്ലാം സംശയാസ്പദമാണ്. നബിﷺതിരുമേനിയുടെ മാതൃകയും ആ മഹാത്മാവിന്റെ സഹനവും ഇത് കെട്ടിച്ചമച്ച ചില നിവേദനങ്ങളാണെന്ന് തെളിയിക്കുന്നു.

എന്തായാലും, ഹദീഥുകളുടെ ഒരു ഗ്രന്ഥമായ സുനൻ നസാഇയിൽ ഈ നിവേദനം ഇങ്ങനെയാണ്: "മക്കാ വിജയ വേളയിൽ ഹദ്റത്ത് ഉഥ്മാന്റെ വീട്ടിൽ അബ്ദുല്ലാഹ് ബിൻ സഅ്ദ് ഒളിച്ചു. പിന്നീട് പൊതു ബയ്അത്ത് പ്രഖ്യാപിച്ചപ്പോൾ ഹദ്റത്ത് ഉഥ്മാൻ അബ്ദുല്ലായെയും കൊണ്ടു വന്നു അപേക്ഷിച്ചു: 'അബ്ദുല്ലായുടെ ബയ്അത്ത് സ്വീകരിച്ചാലും.' നബിﷺതിരുമേനി തന്റെ തല യുയർത്തി അദ്ദേഹത്തെ നോക്കി, മൂന്ന് തവണ അങ്ങനെ ചെയ്തു. എന്നിട്ട് നിരസിച്ചു. മൂന്നുതവണ അങ്ങനെ ചെയ്തശേഷം അദ്ദേഹത്തിന്റെ ബയ്അത്ത് സ്വീകരിച്ചു. അതിനുശേഷം സ്വഹാബാക്കളോട് തിരിഞ്ഞു ചോദിച്ചു: 'ഞാൻ ബയ്അത്ത് വാങ്ങാതിരുന്നപ്പോൾ എഴുന്നേറ്റ് അദ്ദേഹത്തെ കൊല്ലാൻ നിങ്ങളിൽ ഒരു ബുദ്ധിമാനുമുണ്ടായിരുന്നില്ലേ?' സ്വഹാബാക്കൾ ചോദിച്ചു: 'യാ റസൂലല്ലാഹ്, അങ്ങയുടെ മനസ്സിലെന്താണെന്ന് ഞങ്ങൾക്കെങ്ങനെ അറിയാം? അങ്ങ് എന്തുകൊണ്ടാണ് കണ്ണുകൊണ്ട് ഞങ്ങൾക്ക് സൂചന നൽകാതിരുന്നത്?' നബിﷺതിരുമേനി പറഞ്ഞു: 'ഒരു നബിക്ക് തന്റെ കണ്ണുകൾകൊണ്ടും വഞ്ചന കാണിക്കുന്നത് ഉചിതമല്ല.' ഇത് നസാഇയിലുള്ളതാണ്, എന്നാൽ, ഇത് ശരിയാണെന്ന് വിശ്വസിക്കേണ്ട ആവശ്യമില്ല. *(നസാഇ കിതാബു തഹ്‌രീമുദ്ദമി, ബാബു അൽഹുക്മു ഫിൽമുർത്തദ്, ഹദീഥ് 4067)*ഇത് നസാഇയിലെ നിവേദനമാണ്. പക്ഷേ, ഇതും ശരിയായി വിശ്വസിക്കണമെന്ന് നിർബന്ധമില്ല,

ഈ നിവേദനം സുനൻ അബൂദാവൂദിലുമുണ്ട്.(സുനൻ അബൂദാവൂദ്, കിതാബുൽഹുദൂദ്, ബാബുൽഹുക്മു ഫീമൻ ഇർത്തദ്ദ ഹദീഥ് 4359). എന്നല്ല സുനൻ അബൂദാവൂദിൽ ഇതിനുപുറമെ മറ്റൊരു നിവേദനവുമുണ്ട്. എന്നാൽ, ആ നിവേദനത്തിൽ കൊല്ലുന്നതിനെക്കുറിച്ച് പരാമർശമില്ല. ആ നിവേദനത്തിൽ ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത്: ഹദ്റത്ത് ഇബ്നു അബ്ബാസ് رضي الله عنهപറയുന്നു: അബ്ദല്ലാഹ് ബിൻ സഅ്ദ് ബിൻ അബീ സർഹ് റസൂലുല്ലായുടെﷺ വഹ്‌യ് എഴുതുന്ന ആളായിരുന്നു. ശയ്ത്വാൻ അയാളെ വഴിതെറ്റിച്ചു. അയാൾ കാഫിറുകളുമായി ചേർന്നു. മക്കാവിജയ ദിവസം നബിﷺതിരുമേനി അദ്ദേഹത്തെ കൊല്ലാൻ ഉത്തരവിട്ടു. ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻرضي الله عنهഅദ്ദേഹത്തിനുവേണ്ടി അഭയം തേടി, അതിനുശേഷം നബിﷺതിരുമേനി അയാൾക്ക് അഭയം നൽകി.*(സുനൻ അബീദാവൂദ്, കിതാബുൽ ഹുദൂദ്. ബാബു അൽഹുക്മു ഫീമൻ ഇർത്തദ്ദ, ഹദീഥ് 4358)*

ഇവിടെ അബ്ദുല്ലാഹ് ബിൻ സഅ്ദിനെക്കുറിച്ചുള്ള ഇത്തരത്തിലുള്ള നിവേദനങ്ങളെ സംബന്ധിച്ച് വ്യക്തമാക്കേണ്ടതുണ്ട്. ഞാൻ മുമ്പേ പറഞ്ഞതുപോലെ, ഈ നിവേദനം ഹദീഥുകളുടെ ഏത് ഗ്രന്ഥങ്ങളിലാണോ വന്നിട്ടുള്ളത്, അതിന്റെ സനദിനെക്കുറിച്ച് (നിവേദക പരമ്പര) വിമർശനങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതായത് 'എന്തുകൊണ്ട് സൂചന നൽകിയില്ല?' എന്ന് പറഞ്ഞതും നബിﷺതിരുമേനി 'ഞാൻ മിണ്ടാതിരുന്നു' എന്ന് പറഞ്ഞതുമൊക്കെ സനദിന്റെ അടിസ്ഥാനത്തിൽ ദുർബലമാണ്. അവിടന്ന് ഒരു ഭരണാധികാരിയായിരുന്നല്ലോ, വ്യക്തമായി പറയാമായിരുന്നു. എന്തായാലും, രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം ഇസ്‌ലാമിൽ മതപരിത്യാഗത്തിന് ശിക്ഷയില്ലെന്നതാണ്. അതിനാൽ അബ്ദുല്ലാഹ് ബിൻ സഅ്ദ് മുർതദ്ദായതുകൊണ്ട് അദ്ദേഹത്തെ വധശിക്ഷയ്ക്ക് വിധിച്ചുവെന്ന് പറയുന്നത് ശരിയല്ല.

കൂടാതെ, ഈ സംഭവത്തിന്റെ വിശദീകരണങ്ങൾ നബിﷺതിരുമേനിയുടെ മഹത്ത്വത്തിന് വിരുദ്ധമായി തോന്നുന്നു, ഞാൻ മുമ്പേ പറഞ്ഞതുപോലെ. നബിﷺതിരുമേനി ആ ദിവസം അല്ലാഹുവിന്റെ ഗുണനാമങ്ങളായ ഗഫ്ഫാർ (ക്ഷമിക്കുന്നവൻ), സത്താർ (കുറ്റങ്ങൾ മറച്ചുവെക്കുന്നവൻ), റഹീം (കരുണാമയൻ), കരീം (ഉദാരൻ) എന്നിവയുടെ പൂർണ്ണമായ പ്രകടനമായിരുന്നു. ആരെങ്കിലും മാപ്പു ചോദിച്ചിട്ട് നബിﷺതിരുമേനി മാപ്പു കൊടുക്കാത്ത ഒരാളുമുണ്ടായിരുന്നില്ല. ഒരുപക്ഷേ, അദ്ദേഹത്തെ കൊല്ലാൻ കൽപ്പിച്ചിരുന്നെങ്കിൽപ്പോലും. ഈ ഹദീഥ് ബുഖാരിയിലും മുസ്‌ലിമിലും ലഭ്യമല്ല. കൂടാതെ, ഈ നിവേദനം യുക്തിക്കും വിരുദ്ധമായി തോന്നുന്നു. കാരണം നബിﷺതിരുമേനി ഒരു വിജയിയായ ഭരണാധികാരിയുമായിരുന്നു. ആരെയെങ്കിലും കൊല്ലാൻ കൽപ്പിക്കേണ്ടത് ആവശ്യമായിരുന്നെങ്കിൽ, ആരെയും ഭയപ്പെടേണ്ട കാര്യമില്ലായിരുന്നു. സൂചനയുടെയോ ആംഗ്യത്തിന്റെയോ ആവശ്യമില്ലായിരുന്നു. ഹദ്റത്ത് ഉഥ്മാൻرضي الله عنهഅബ്ദുല്ലയെയും കൊണ്ടുവന്നപ്പോൾ, 'ഇദ്ദേഹത്തിന്റെ കുറ്റകൃത്യങ്ങൾ മാപ്പു നൽകാൻ കഴിയാത്തത്ര ഗൗരവമുള്ളതാണ്' എന്ന് നബിﷺതിരുമേനിക്ക് വ്യക്തമായി പറയാമായിരുന്നു. ആ ദിനങ്ങളിൽ ബനൂ മഖ്സൂം ഗോത്രത്തിലെ ഒരു സ്ത്രീയുടെ മോഷണക്കേസും തിരുമേനിയുടെ മുന്നിൽ വന്നിരുന്നു. അവർക്കായി പ്രമുഖരായ പലരും ശിപാർശ ചെയ്തു. ഹദ്റത്ത് ഉമ്മു സലമയും ഉസാമ ബിൻ സയ്ദും ശിപാർശ ചെയ്തെങ്കിലും നബിﷺതിരുമേനി ആ ശിപാർശകളെല്ലാം നിരസിച്ച് കൈവെട്ടാനുള്ള ശിക്ഷ നടപ്പാക്കുകയാണ് ചെയ്തത്. അതിനാൽ അബ്ദുല്ലാഹ് ബിൻ സഅ്ദിന്റെ കുറ്റം ഇത്ര ഗുരുതരമായിരുന്നെങ്കിൽ അയാൾക്ക്

മാപ്പ് നല്കുന്ന പ്രശ്നമേ ഉദിക്കുന്നില്ലെന്ന് പ്രഖ്യാപിക്കാമായിരുന്നു. എന്നാൽ, അതിനുപകരം, സാധാരണ ധാർമിക മര്യാദകൾക്കും പാരമ്പര്യങ്ങൾക്കും വിരുദ്ധമായൊരു പ്രവൃത്തി നബിﷺ തിരുമേനിയുടെ പേരിൽ ആരോപിക്കുന്നത് അസ്വീകാര്യമാണ്. അതായത്, അദ്ദേഹം ബയ്അത്ത് ചെയ്യാൻ വന്നപ്പോൾ (നഊദ് ബില്ലാഹ്), നബിﷺതിരുമേനി നിശബ്ദനായി നിന്നു, ആ സമയത്ത് ആരെങ്കിലും അദ്ദേഹത്തെ വേഗത്തിൽ കൊല്ലുമോ എന്ന് നോക്കി. സ്വഹാബിമാർ അങ്ങനെ ചെയ്യാതിരുന്നപ്പോൾ, 'എന്തുകൊണ്ട് നിങ്ങൾ കൊന്നില്ല?' എന്ന് അവിടന്ന് അവരോടു ചോദിച്ചു. സ്വഹാബത്ത് 'അങ്ങേയ്ക്ക് കണ്ണുകൊണ്ട് സൂചന നൽകാമായിരുന്നില്ലേ?' എന്ന് ചോദിച്ചപ്പോൾ, 'ഒരു നബിയുടെ കണ്ണ് വഞ്ചന കാണിക്കുകയില്ല' എന്ന് പറഞ്ഞു. അതിനാൽ കണ്ണുകൊണ്ട് ആംഗ്യം നൽകിയില്ലത്രേ. (നഊദ് ബില്ലാഹ്). മനസ്സിലാരെങ്കിലും അയാളെ കൊന്നിരുന്നെങ്കിൽ എന്ന ആഗ്രഹം ഉണ്ടായിരുന്നു വെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു. നബിﷺതിരുമേനിയുടെ മനസ്സിൽ ആഗ്രഹമുണ്ടായിരുന്നു, എന്നാൽ, ആംഗ്യം കാണിച്ചില്ലത്രേ. ഈ നിവേദനത്തിന്റെ ഘടനതന്നെ ഈ സംഭവത്തെ നിരാകരിക്കുന്നതാണ്.

നബിﷺതിരുമേനിയുടെ മഹത്ത്വം വളരെ ഉയർന്നതും ഉന്നതവുമാണ്. അത്തരമൊരു കാര്യം ആ മഹാത്മാവിന്റെ പേരിൽ ആരോപിക്കപ്പെടുക എന്നതു തന്നെ ശരിയല്ല. നബിﷺതിരുമേനി നിയമങ്ങൾ നടപ്പിലാക്കുന്നതിൽ പാറപോലെ ഉറച്ചുനിന്ന ആളായിരുന്നു, ആരെയും ഗൗനിച്ചിരുന്നില്ല. എന്നാൽ, ക്ഷമയുടെയും കാരുണ്യത്തിന്റെയും സമയത്ത് പട്ടുപോലെ മൃദുവുമായിരുന്നു. അദ്ദേഹത്തിനൊരു വിഷമമോ അസ്വാസ്ഥ്യമോ ഉണ്ടായിരുന്നില്ല. അതിനാൽ അബ്ദുല്ലാഹ് ബിൻ സഅ്ദിന്റെ ബയ്അത്തുമായി ബന്ധപ്പെട്ട ഈ നിവേദനങ്ങൾ സംശയകരമാണ്, ചില ചരിത്രകാരന്മാരും ജീവചരിത്രകാരന്മാരും ഇവ അംഗീകരിക്കുന്നത് നിഷേധിച്ചിട്ടുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓസൂറത്തുൽ മുഅ്മിനൂനിലെ പതിനഞ്ചാം വചനത്തിന്റെ വ്യാഖ്യാനം വിശദീകരിക്കുമ്പോൾ ഈ സംഭവത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: 'ഈ വചനവുമായി ബന്ധപ്പെട്ട് ഒരു ചരിത്രപരമായ സംഭവം കൂടിയുണ്ട്. അത് ഇവിടെ വിശദീകരിക്കുന്നത് അത്യാവശ്യമാണെന്ന് തോന്നുന്നു. അദ്ദേഹം എഴുതുന്നു: 'നബിﷺ തിരുമേനിക്ക് അബ്ദുല്ലാഹ് ബിൻ അബീ സർഹ് എന്ന് പേരുള്ള ഒരു വഹ്‌യി അഥവാ വെളിപാടെഴുത്തുകാരനുണ്ടായിരുന്നു. വഹ്‌യി ഇറങ്ങുമ്പോൾ നബിﷺ തിരുമേനി എഴുത്തുകാരനെ വിളിച്ച് എഴുതിക്കാറുണ്ടായിരുന്നു. ഒരു ദിവസം ആ ധന്യാത്മാവ് ഈ വചനങ്ങൾ അദ്ദേഹത്തെക്കൊണ്ടെഴുതിക്കുകയായിരുന്നു. **'ഥുമ്മ അൻശഅ്നാഹു ഖൽഖൻ ആഖറ'**(23:15) (പിന്നീട് നാം അതിനെ മറ്റൊരു സൃഷ്ടിയായി രൂപാന്തരപ്പെടുത്തി)എന്ന വചനത്തിലെത്തിയപ്പോൾ, അദ്ദേഹത്തിന്റെ വായിൽ നിന്ന് അപ്രതീക്ഷിതമായി **'ഫതബാറക്കല്ലാഹു അഹ്സനുൽ ഖാലിഖീൻ'** (അതിനാൽ ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹസമ്പൂർണനാകുന്നു)എന്ന് പുറപ്പെട്ടു. നബിﷺതിരുമേനി പറഞ്ഞു: 'ഇത് വഹ്‌യിയാണ്, ഇത് എഴുതിക്കൊള്ളുക.' മുൻ വചനങ്ങളുടെ ഫലമായി സ്വാഭാവികമായി രൂപം കൊള്ളുന്ന വചനമാണിതെന്ന് ആ ഹതഭാഗ്യൻ ചിന്തിച്ചില്ല. തന്റെ വായിൽനിന്ന് പുറപ്പെട്ട വചനത്തെ നബിﷺതിരുമേനി വഹ്‌യിയായി പ്രഖ്യാപിച്ചതുപോലെ, (നഊദുബില്ലാഹ്) അദ്ദേഹം ഖുർആൻ മുഴുവൻ സ്വയം ഉണ്ടാക്കുകയാണെന്ന് അയാൾ കരുതി. അങ്ങനെ അയാൾ മതമുപേക്ഷിച്ച് മക്കയിൽ പോയി. മക്കാവിജയ സമയത്ത് നബിﷺതിരുമേനി കൊല്ലാൻ കൽപ്പിച്ചവരിൽ ഒരാൾ അബ്ദുല്ലാഹ് ബിൻ അബീ സർഹ് ആയിരുന്നു. എന്നാൽ, ഹദ്റത്ത് ഉഥ്മാൻؓഅദ്ദേഹത്തിന് അഭയം നൽകി. അദ്ദേഹം ഹദ്റത്ത് ഉഥ്മാന്റെ വീട്ടിൽ മൂന്നു ദിവസം ഒളിച്ചുതാമസിച്ചു. ഒരു ദിവസം നബിﷺതിരുമേനി മക്കയിലെ ജനങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങുന്ന നേരത്ത് ഹദ്റത്ത് ഉഥ്മാൻؓഅബ്ദുല്ലാഹ് ബിൻ അബീ സർഹിനെയും കൊണ്ട് നബിﷺ തിരുമേനിയുടെ അടുത്തുചെന്ന് ബയ്അത്ത് സ്വീകരിക്കണമെന്ന് അപേക്ഷിച്ചു. നബിﷺതിരുമേനി ആദ്യം കുറച്ചുനേരം ആലോചിച്ചു, പിന്നീട് അദ്ദേഹത്തിന്റെ ബയ്അത്ത് വാങ്ങി. അങ്ങനെ അദ്ദേഹം വീണ്ടും ഇസ്‌ലാം സ്വീകരിച്ചു.'*(തഫ്സീറെ കബീർ വാള്യം 6, പേജ് 139, 2004 പതിപ്പ്)*

അബ്ദുല്ലാഹ് ബിൻ അബീ സർഹിനെക്കുറിച്ച് വന്നിട്ടുള്ളത് അദ്ദേഹം പിന്നീട് ഇസ്‌ലാമിന് ശ്രദ്ധേയമായ സേവനങ്ങൾ നൽകിയ സ്വഹാബാക്കളിൽ ഒരാളായി ഗണിക്കപ്പെട്ടിരുന്നു എന്നാണ്. ഈജിപ്തിന്റെ ഗവർണറായും സേവനമനുഷ്ഠിച്ചു. ആഫ്രിക്കയിലെ ഒരു പ്രദേശം കീഴടക്കിയ ആളുമായിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ രക്തസാക്ഷിത്വത്തിനുശേഷം അദ്ദേഹം കുഴപ്പങ്ങളിൽനിന്ന് അകന്നുനിന്നു, അദ്ദേഹത്തിന്റെ മുലകുടിബന്ധത്തിലെ സഹോദരനായിരുന്നു. തന്റെ അവസാന പ്രവൃത്തി നമസ്കാരമായിരിക്കണമെന്ന് അദ്ദേഹം പ്രാർഥിച്ചുവെന്നും പറയപ്പെടുന്നു. അങ്ങനെ ഒരു ദിവസം സുബ്ഹിനമസ്കാരത്തിന് നിന്നപ്പോൾ, നമസ്കാരം പൂർത്തിയാക്കി വലതുവശത്തേക്ക് സലാം ചൊല്ലിയതിനുശേഷം ഇടതുവശത്തേക്ക് സലാം ചൊല്ലാൻ തുടങ്ങിയപ്പോൾ അദ്ദേഹം മരണപ്പെട്ടു. മുപ്പത്തിയാറോ മുപ്പത്തേഴോ ഹിജ്റയിലാണ് അദ്ദേഹം മരണപ്പെട്ടത്.

ഇനി ഇക്രിമ ബിൻ അബീജഹ്‌ലിന്റെ ഇസ്‌ലാം ആശ്ലേഷണത്തെക്കുറിച്ചാണ് പറയുന്നത്. മക്കാ വിജയവേളയിൽ നബിﷺ തിരുമേനി വധിക്കണമെന്ന് കൽപ്പിച്ചവരിൽ ഒരാളായിരുന്നു ഇക്രിമ ബിൻ അബീജഹ്ൽ. ഇക്രിമയും അയാളുടെ പിതാവും നബിﷺ തിരുമേനിയെ ഉപദ്രവിക്കുകയും മുസ്‌ലിമീങ്ങളോടു വളരെ ക്രൂരമായി പെരുമാറുകയും ചെയ്തിരുന്നു. തന്നെ വധിക്കാൻ നബിﷺ തിരുമേനി കൽപ്പിച്ചിട്ടുണ്ടെന്നറിഞ്ഞപ്പോൾ, അയാൾ യമനിലേക്ക് ഓടിപ്പോയി. ഇസ്‌ലാമിനോടുള്ള ശത്രുതയിൽ തന്റെ പിതാവ് അബൂജഹ്‌ലിനെയും അദ്ദേഹം പിന്നിലാക്കിയിരുന്നു. ഒരുപക്ഷേ, അദ്ദേഹത്തെ വധിക്കാൻ കൽപ്പിച്ചിട്ടുണ്ടാകും. എന്നിരുന്നാലും, ഇസ്‌ലാമിനെ എതിർക്കുന്നതിൽ എല്ലായ്പ്പോഴും മുൻപന്തിയിലായിരുന്ന, ഇസ്‌ലാമിനും നബിﷺ തിരുമേനിക്കുമെതിരെ ദിനംപ്രതി ഗൂഢാലോചനകൾ നടത്തിയിരുന്ന മക്കയിലെ നേതാക്കന്മാരും പ്രമാണിമാരും മക്കാവിജയത്തിനുശേഷം തങ്ങളുടെ പ്രവൃത്തികൾ കാരണം ഒരു തരത്തിലും മാപ്പു ലഭിക്കുകയില്ലെന്നും തങ്ങളെന്തായാലും കൊല്ലപ്പെടുമെന്നും സ്വയം ചിന്തിച്ചിരിക്കും. അങ്ങനെ അവർ സ്വയം അവിടന്നോടിപ്പോയി. യഥാർഥത്തിൽ, നബിﷺതിരുമേനിയുടെ അങ്ങേയറ്റത്തെ കാരുണ്യവും മാപ്പും വിട്ടുവീഴ്ചയും അവർ പ്രതീക്ഷിച്ചിരുന്നില്ല. അതിനെക്കുറിച്ച് ഒരു ധാരണയും അവർക്കുണ്ടായിരുന്നില്ല. അതുകൊണ്ട് ജീവൻ രക്ഷിക്കാൻ ഓടിപ്പോകുന്നതാണുചിതമെന്ന് അവർ കരുതി. എന്നാൽ, നബിﷺതിരുമേനിയുടെ അളവറ്റ പൊറുക്കലും വിട്ടുവീഴ്ചയും അവർക്ക് മനസ്സിലായപ്പോൾ, അവർ നബിﷺതിരുമേനിയുടെ അടുത്ത് മക്കയിൽ തിരിച്ചുപോന്നു, നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി.

എന്തായാലും, മക്കാവിജയവേളയിലും ഇസ്‌ലാമിക സൈന്യത്തിന്നെതിരെ ശക്തമായ ചെറുത്തുനിൽപ്പ് നടത്തിയ പ്രധാന എതിരാളികളിൽ ഒരാളായിരുന്നു ഇക്രിമ. സുഹയ്ൽ ബിൻ അംറ്,

• ഹദീഥുന്നബ്‌വി(സ) •

'നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളു ചെയ്യുമ്പോഴും വലത്തുഭാഗം മുതൽ ആരംഭിക്കുക.'
(മിശ്ക്കാത്ത് 3:4)

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി(സ) •

യാത്ര ചെയ്യുന്ന ഒരാൾക്ക് മൂന്നു പകലും രാത്രിയും യാത്രയിലല്ലാത്ത ഒരാൾക്ക് ഒരുപകലും രാത്രിയും അവൻ ശുദ്ധമായിരുന്നപ്പോൾ ഇട്ടതാണെങ്കിൽ അവന്റെ ബൂട്ട്സു തടകുവാൻ (കാലു കഴുകുന്നതിനു പകരം) അവിടന്ന് അനുവദിച്ചു. (മിശ്ക്കാത്ത് 3:9)

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

സ്വഫ്‌വാൻ ബിൻ ഉമയ്യ എന്നിവരുൾപ്പെടെ മക്കയിലെ ധീരരായ യുവാക്കൾ ഉൾപ്പെട്ട ഒരു സംഘത്തെ അദ്ദേഹം കൂടെക്കൂട്ടി, 'തങ്ങൾ മുസ്‌ലിമീങ്ങളെ മക്കയിൽ പ്രവേശിക്കാൻ അനുവദിക്കില്ല' എന്ന് പറഞ്ഞുകൊണ്ട് വാളുകൾ ഊരി. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ സംഘത്തെ അവർ ശക്തമായി നേരിട്ടു. എന്നാൽ, തങ്ങളുടെ ഇരുപതിലധികം യുവാക്കൾ കൊല്ലപ്പെട്ടതിനുശേഷം അവരെല്ലാം അവിടന്നോടിപ്പോയി. സുഹയ്ൽ, സ്വഫ്‌വാൻ, ഇക്‌രിമ എന്നീ മൂന്നുപേരും മക്കയിൽ നിന്നുതന്നെ ഓടിപ്പോയിരുന്നു. ചരിത്രപരമായ നിവേദനമനുസരിച്ച്, ഇക്‌രിമ കടൽ മാർഗ്ഗം യമനിൽപ്പോകാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ ഭാര്യ ഉമ്മു ഹക്കീം ബിൻത് ഹാരിഥ് ബിൻ ഹിശാം, ഒരു ഖുറയ്ശി നേതാവിന്റെ മകളായിരുന്നു. ഹിന്ദ് ബിൻത് ഉത്ബയോടും മക്കയിലെ മറ്റു പ്രമുഖരായ സ്ത്രീകളോടുമൊപ്പം മക്കാവിജയ വേളയിൽ ബയ്അത്ത് ചെയ്തിരുന്നു. തന്റെ ഭർത്താവ് ഇക്‌രിമ, കൊല്ലപ്പെടുമെന്ന ഭയത്താൽ യമനിലേക്ക് പലായനം ചെയ്തെന്നറിഞ്ഞപ്പോൾ, അവർ നബിﷺതിരുമേനിയുടെ സന്നിധിയിൽച്ചെന്ന് പറഞ്ഞു: 'ഇക്‌രിമയ്ക്ക് അങ്ങ് അദ്ദേഹത്തെ കൊല്ലിക്കുമോ എന്ന് ഭയമുണ്ട്. അങ്ങ് അദ്ദേഹത്തിന് അഭയം നൽകിയാലും.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'അദ്ദേഹം അഭയത്തിലാണ്.' അങ്ങനെ അവർ തന്റെ അടിമയെയും കൂട്ടി ജിദ്ദയിലേക്ക് പുറപ്പെട്ടു. കടൽത്തീരത്തുവെച്ച് ഇക്‌രിമയെ കണ്ടുമുട്ടി. അപ്പോൾ അദ്ദേഹം ഒരു വഞ്ചിയിൽ കയറാൻ ഒരുങ്ങുകയായിരുന്നു. ഒരു അഭിപ്രായമനുസരിച്ച്, അദ്ദേഹം വഞ്ചിയിൽ കയറിക്കഴിഞ്ഞപ്പോഴാണ് അവർ ഇക്‌രിമയെ കണ്ടത്. അവരിങ്ങനെ പറഞ്ഞുകൊണ്ട് ഇക്‌രിമയെ തടഞ്ഞു:'എന്റെ പിതൃസഹോദരന്റെ മകനേ! ആളുകളിൽ ഏറ്റവും കൂടുതൽ ബന്ധങ്ങൾ സ്ഥാപിക്കുന്നവനും, ആളുകളിൽ ഏറ്റവും കൂടുതൽ സൽഗുണസമ്പന്നനുമായ, ഏറ്റവും കൂടുതൽ നന്മ ആഗ്രഹിക്കുന്നയാളുമായ ഒരു വ്യക്തിയുടെ അടുത്തുനിന്നാണ് ഞാൻ നിന്റെ അടുത്ത് വന്നിരിക്കുന്നത്. അതുകൊണ്ട് നിന്റെ ജീവനെ അപകടത്തിലാക്കരുത്. കാരണം ഞാൻ നിനക്ക് അഭയം തേടിയിട്ടുണ്ട്.' അതിനുശേഷം അദ്ദേഹം തന്റെ ഭാര്യയോടൊപ്പം വരികയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഇസ്‌ലാം സ്വീകരണം വളരെ മനോഹരമായിരുന്നു. നിവേദനത്തിൽ പറയുന്നു: 'ഇക്‌രിമ നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായപ്പോൾ അദ്ദേഹം അപേക്ഷിച്ചു: 'മുഹമ്മദേﷺ, എന്റെ ഭാര്യ എന്നോടു പറഞ്ഞിട്ടുണ്ട്, അങ്ങെനിക്ക് അഭയം നൽകിയിട്ടുണ്ടെന്ന്.' അതായത്, കുഫ്‌റിന്റെ അവസ്ഥയിൽത്തന്നെ മക്കയിൽ താമസിക്കാൻ അനുവാദം നൽകി എന്നാണ്, മുസ്‌ലിമാകണമെന്നല്ല. അവിടന്ന്ﷺപറഞ്ഞു: 'നീ സത്യം പറഞ്ഞു. തീർച്ചയായും നീ സുരക്ഷിതനാണ്.' അതിന് ഇക്‌രിമ പറഞ്ഞു: 'അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹനില്ലെന്നും അവൻ ഏകനാണെന്നും അവന് പങ്കുകാരില്ലെന്നും അങ്ങ് അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.' അദ്ദേഹം ലജ്ജയോടെ തലകുനിച്ചു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'അല്ലയോ ഇക്‌രിമ, ഇന്ന് നീ എന്നോടെന്തു ചോദിച്ചാലും, എനിക്കതിന് കഴിവുണ്ടെങ്കിൽ ഞാൻ തീർച്ചയായും നിനക്ക് നൽകും.' ഇക്‌രിമ അപേക്ഷിച്ചു: 'അങ്ങയോടു ഞാൻ ചെയ്ത എല്ലാ ശത്രുതയുടേയും പാപമോചനത്തിനായി പ്രാർഥിച്ചാലും.' അപ്പോൾ നബിﷺതിരുമേനി ഇപ്രകാരം പ്രാർഥിച്ചു: 'അല്ലാഹുവേ, ഇക്‌രിമ എന്നോടുചെയ്ത എല്ലാ ശത്രുതയും അവന് പൊറുത്തുകൊടുക്കേണമേ, അല്ലെങ്കിൽ അവൻ ചെയ്ത എല്ലാ തിന്മകളും പൊറുത്തുകൊടുക്കേണമേ.' പിന്നീട് നബിﷺതിരുമേനി സന്തോഷംകൊണ്ട് മതിമറന്ന് തന്റെ വസ്ത്രം അദ്ദേഹത്തിന്റെമേൽ ഇട്ടുകൊടുത്തു. എന്നിട്ട് പറഞ്ഞു: 'വിശ്വസിച്ച നിലയിലും ഹിജ്റ ചെയ്ത നിലയിലും നമ്മുടെ അടുത്തുവന്ന വ്യക്തിക്ക് സ്വാഗതം.'

ഇക്‌രിമ ഇസ്‌ലാം സ്വീകരിച്ചതിലൂടെ ഒരു പ്രവചനം പൂർത്തിയായതിനെക്കുറിച്ചും പരാമർശമുണ്ട്. അത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഇങ്ങനെ വിശദീകരിച്ചിരിക്കുന്നു:

'ഇക്‌രിമ ഇസ്‌ലാം സ്വീകരിച്ചതോടെ വർഷങ്ങൾക്കുമുമ്പേ മുഹമ്മദ് റസൂലുല്ലാഹ്ﷺതന്റെ സ്വഹാബിമാരോടു പറഞ്ഞ ഒരു പ്രവചനം പൂർത്തിയായി: 'ഞാൻ സ്വപ്നത്തിൽ കണ്ടു, ഞാൻ സ്വർഗ്ഗത്തിലാണെന്ന്. അവിടെ ഞാൻ ഒരു മുന്തിരിക്കുല കണ്ടു, ഇത് ആർക്കുള്ളതാണെന്ന് ആളുകളോടു ചോദിച്ചു. അപ്പോൾ മറുപടി നൽകുന്ന ഒരാൾ പറഞ്ഞു: അബൂ ജഹ്‌ലിന്. ഇതെനിക്ക് വിചിത്രമായിത്തോന്നി, ഞാൻ പറഞ്ഞു: സ്വർഗ്ഗത്തിൽ മുഅ്മിൻ (വിശ്വാസി) അല്ലാതെ മറ്റാരും പ്രവേശിക്കുകയില്ലല്ലോ, പിന്നെ എങ്ങനെയാണ് അബൂജഹ്‌ലിന് സ്വർഗ്ഗത്തിൽ മുന്തിരി ഒരുക്കിയത്?' ഇക്‌രിമ ഇസ്‌ലാം സ്വീകരിച്ചപ്പോൾ അവിടന്ന് പറഞ്ഞു: 'ആ മുന്തിരിക്കുല ഇക്‌രിമയുടെതായിരുന്നു. സ്വപ്നങ്ങളിൽ പലപ്പോഴും സംഭവിക്കാറുള്ളതുപോലെ, അല്ലാഹു മകന്റെ സ്ഥാനത്ത് പിതാവിന്റെ പേര് വെളിപ്പെടുത്തിയതാണ്.'

ഹബ്ബാർ ബിൻ അസ്‌വദിന്റെ പലായനത്തെക്കുറിച്ചും പിന്നീട് ഇസ്‌ലാം സ്വീകരിച്ചതിനെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്: ജാഹിലിയ്യാ കാലത്ത് അദ്ദേഹം വാക്ചാതുര്യമുള്ളവനും നബിﷺതിരുമേനിക്കെതിരെ ആളുകളെ ഒന്നിപ്പിച്ചിരുന്ന ആളുമായിരുന്നു. കൂടാതെ, വളരെ മോശം സ്വഭാവമുള്ള വ്യക്തിയുമായിരുന്നു. നബിﷺതിരുമേനിയുടെ മകൾ ഹദ്റത്ത് സയ്നബ് മദീനയിൽ ഹിജ്റ പോയപ്പോൾ അവർ ഗർഭിണിയായിരുന്നു. ഹബ്ബാർ ബിൻ അസ്‌വദ് ഒട്ടകത്തെ വേഗത്തിൽ ഓടിച്ചു. അതിനാൽ അവർ ഒട്ടകപ്പുറത്തുനിന്ന് താഴെവീണു. ഇതിന്റെ ഫലമായി അവരുടെ ഗർഭം അലസിപ്പോയി, ഈ കാരണത്താൽ അവർ അവസാനകാലംവരെ രോഗിയായി കഴിഞ്ഞു. നബിﷺതിരുമേനി അദ്ദേഹത്തെ കൊല്ലാൻ കൽപ്പിച്ചിരുന്നു, എവിടെ കണ്ടാലും അദ്ദേഹത്തെ കൊല്ലണമെന്ന്. മക്കാവിജയ സമയത്ത് ഈ ഭയം കാരണം അദ്ദേഹം മക്കയിൽനിന്ന് ഓടിപ്പോകുകയും കാടുകളിൽ ഒളിച്ചുനടക്കുകയും ചെയ്തു. മക്കാവിജയത്തിനുശേഷം നബിﷺതിരുമേനി മദീനയിൽ തിരിച്ചെത്തിയപ്പോൾ, അദ്ദേഹം നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അദ്ദേഹം നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായപ്പോൾ, സ്വഹാബത്ത് അദ്ദേഹത്തെ കണ്ടു, നബിﷺതിരുമേനിയോടു പറഞ്ഞു: 'ഹബ്ബാർ വരുന്നുണ്ട്.' നബിﷺതിരുമേനി പറഞ്ഞു: 'അതെ, ഞാൻ കണ്ടു. അദ്ദേഹത്തോടൊന്നും പറയരുത്.' ഹബ്ബാർ അടുത്തുവന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങയ്ക്ക് സമാധാനം! അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹനില്ലെന്നും അങ്ങ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ അങ്ങയിൽനിന്നോടി എല്ലാ പ്രദേശങ്ങളിലും ചുറ്റി സഞ്ചരിച്ചു. അനറബികളുമായിപ്പോലും കൂടിക്കഴിയാൻ ഞാൻ ആഗ്രഹിച്ചു. പിന്നീട് ഞാൻ അങ്ങയുടെ ഔദാര്യവും കാരുണ്യവും നന്മയും അതിക്രമികളോടു കാണിക്കുന്ന വിട്ടുവീഴ്ചയും ഓർത്തു. യാ റസൂലുല്ലാഹ്! ഞങ്ങൾ മുശ്‌രിക്കുകളായിരുന്നു, അല്ലാഹു അങ്ങയിലൂടെ ഞങ്ങൾക്ക് മാർഗ്ഗദർശനം നൽകി, നാശത്തിൽനിന്ന് രക്ഷിച്ചു. എന്റെ അതിക്രമങ്ങളും എന്നിൽനിന്നും അങ്ങയ്ക്കുണ്ടായ സകല പ്രയാസങ്ങളും എനിക്ക് പൊറുത്തുതന്നാലും. എന്റെ ദുഷ്പെരുമാറ്റങ്ങളും പാപങ്ങളും ഞാനേറ്റു പറയുന്നു.' നിവേദകൻ പറയുന്നു: 'ഞാനപ്പോൾ

**• ഹദീഥുന്നബവി(സ) •**

'പ്രായപൂർത്തിയായ ഓരോരുത്തരും വെള്ളിയാഴ്ച കുളിക്കേണ്ടത് നിർബന്ധമാകുന്നു. അവൻ ദന്തധാവിനി ഉപയോഗിക്കേണ്ടതും കഴിയുമെങ്കിൽ സുഗന്ധദ്രവ്യം ഉപയോഗിക്കേണ്ടതുമാകുന്നു.'(ബു. 11:3)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബവി(സ) •**

"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.' (ബു. 2:23)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

നബിﷺതിരുമേനിയെ നോക്കി നിന്നു. ഹബ്ബാറിന്റെ ക്ഷമാപണ ത്തിൽ ലജ്ജ കാരണം അവിടന്ന് തലകുനിച്ചിരുന്നു. അവിടന്ന് പറഞ്ഞു: 'ഞാൻ നിനക്ക് മാപ്പ് നൽകിയിരിക്കുന്നു. ഇസ്‌ലാമിനു മുമ്പേയുള്ള നിന്റെ പാപങ്ങൾ പൊറുത്തുതന്നിരിക്കുന്നു.' *(കിതാബുൽമഗാസി, വാഖ്ദി, വാള്യം 2, പേജ് 282, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഫത്ഹെ മക്ക, മുഹമ്മദു ബാശമീൽ, പേജ് 331-333, നഫീസ് അക്കാഡമി കറാച്ചി)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഈ സംഭവത്തെക്കുറിച്ച് ഇങ്ങനെ എഴുതിയിട്ടുണ്ട്: 'ഏതൊരു കൂട്ടരെ കുറിച്ചാണോ വധിക്കപ്പെടണമെന്ന കൽപ്പന നല്കപ്പെട്ടിരുന്നത് അവരിലൊരാൾ നബിﷺതിരുമേനിയുടെ മകൾ ഹദ്റത്ത് സയ്നബിന്റെ മരണത്തിന് കാരണക്കാരനയ വ്യക്തിയായിരുന്നു. ഈ വ്യക്തിയുടെ പേര് ഹബ്ബാർ എന്നായിരുന്നു. അയാൾ ഹദ്റത്ത് സയ്നബിന്റെ ഒട്ടകത്തിന്റെ ചരട് മുറിച്ചുമാറ്റിയിരുന്നു, അങ്ങനെ ഹദ്റത്ത് സയ്നബ് ഒട്ടകപ്പുറത്തുനിന്ന് താഴെ വീണു. തത്ഫലമായി അവരുടെ ഗർഭം അലസിപ്പോകുകയും കുറച്ചുകാലത്തിനുശേഷം മരണപ്പെടുകയും ചെയ്തു. മറ്റു കുറ്റകൃത്യങ്ങൾക്ക് പുറമെ ഈ കുറ്റകൃത്യവും അയാളെ മരണ ശിക്ഷയ്ക്ക് അർഹനാക്കി. ഈ വ്യക്തിയും നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഞാൻ നിങ്ങളിൽനിന്ന് ഓടി ഇറാനിൽ പോയിരുന്നു. പിന്നീട് ഞാൻ ചിന്തിച്ചു, അല്ലാഹു തന്റെ പ്രവാചകനിലൂടെ നമ്മളിലെ ശിർക്കിന്റെ ചിന്തകൾ നീക്കം ചെയ്യുകയും ആത്മീയ നാശത്തിൽനിന്ന് നമ്മെ രക്ഷിക്കുകയും ചെയ്തിരിക്കുന്നു. അന്യരുടെ അടുത്തുപോകുന്നതിനുപകരം ഞാൻ അങ്ങയുടെ അടുത്തുവന്ന് എന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് എന്തുകൊണ്ടു മാപ്പ് ചോദിച്ചുകൂടാ?' നബിﷺതിരുമേനി പറഞ്ഞു: 'ഹബ്ബാറേ! അല്ലാഹു നിന്റെ ഹൃദയത്തിൽ ഇസ്‌ലാമിനോടു സ്നേഹമുണ്ടാക്കിയ സ്ഥിതിക്ക്, ഞാൻ നിന്റെ പാപങ്ങൾ എന്തിന് മാപ്പാക്കാതിരിക്കണം? പൊയ്ക്കോളൂ, ഞാൻ നിനക്ക് മാപ്പ് നൽകിയിരിക്കുന്നു. ഇസ്‌ലാം നിന്റെ എല്ലാ മുൻകാല തെറ്റുകളും മായ്ച്ചുകളഞ്ഞിരിക്കുന്നു.'*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 350-351)(ഫിറോസുല്ലുഗാത്ത് ഉർദു, പേജ് 385, ഫിറോസ് സൺസ്)*

അയാൾക്ക് മാപ്പു നൽകി. പക്ഷേ, അബ്ദുല്ലാക്ക് മാപ്പ് നല്കിയില്ലെന്നാണ് പറയപ്പെടുന്നത്. നബിﷺതിരുമേനിയോടു 'എന്തുകൊണ്ട് അങ്ങ് സൂചന നൽകിയില്ല?' എന്ന് ചോദിച്ചത്രേ! എന്തായാലും അതിന്റെ ആവശ്യമില്ലായിരുന്നു.

പിന്നീടുള്ളത് കഅ്ബ് ബിൻ സുഹയ്ർ ബിൻ അബീ സുൽമായാണ്. ഹിജ്റ 7-ൽ കഅ്ബും അദ്ദേഹത്തിന്റെ സഹോദരൻ ബുജയ്റും ഇരുവരും അബ്റക്ക് എന്ന സ്ഥലത്തെത്തി. അത് ബസ്വറയിൽ നിന്ന് മദീനയിലേക്കുള്ള വഴിയിൽ ബനുഅസദിന്റെ ഒരു കിണറായിരുന്നു. ബുജയ്ർ അവിടെനിന്ന് മദീനയിൽപോയി ഇസ്‌ലാം സ്വീകരിച്ചു. അതിൽ കഅ്ബ് വളരെ ദ്വേഷപ്പെട്ടു, പരിഹാസ കവിതകളെഴുതി. സാധാരണ നിവേദനങ്ങളിൽനിന്ന് നബിﷺതിരുമേനി ഈ പരിഹാസ കവിതകൾ കാരണം കഅ്ബിനെ കൊല്ലാൻ കൽപ്പിച്ചു എന്ന് മനസ്സിലാകുന്നുണ്ടെങ്കിലും, ചില തെളിവുകളിൽനിന്ന് മനസ്സിലാകുന്നത്, യഥാർഥത്തിൽ അത്ര മാത്രം ആയിരുന്നില്ല. പ്രത്യുത കഅ്ബും ബുജയ്റും നബിﷺതിരുമേനിയെ ഉപദ്രവിക്കാനോ കൊല്ലാനോ ഗൂഢാലോചന നടത്തിയിരുന്നു. ഈ ഉദ്ദേശ്യത്തോടെ കഅ്ബ് മദീനയിൽ നിന്ന് ദൂരെ ഒരിടത്ത് തങ്ങുകയും സഹോദരനെ മദീനയിലേക്ക് അയക്കുകയും ചെയ്തു. പക്ഷേ, ബുജയ്ർ ഇസ്‌ലാം സ്വീകരിച്ചു.

തന്റെ സഹോദരൻ ഇസ്‌ലാം സ്വീകരിച്ചെന്നവാർത്ത അറിഞ്ഞപ്പോൾ കഅ്ബ് വളരെ ദ്വേഷപ്പെട്ടു. അതിനുശേഷം നബിﷺതിരുമേനി ത്വാഇഫിൽനിന്ന് മടങ്ങുമ്പോൾ, ബുജയ്ർ തന്റെ സഹോദരൻ കഅ്ബ് ബിൻ സുഹയ്റിന് കത്തെഴുതി. അദ്ദേഹവും പശ്ചാത്തപിച്ച് നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി തന്റെ തെറ്റിന് മാപ്പു ചോദിക്കണമെന്ന് അതിൽ പറഞ്ഞിരുന്നു. കാരണം, പശ്ചാത്തപിച്ച് അങ്ങയുടെ അടുത്ത് വരുന്ന ഏതൊരാൾക്കും നബിﷺതിരുമേനി മാപ്പു നൽകാറുണ്ടായിരുന്നു. ഒടുവിൽ കഅ്ബിന്, നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരാകാതെ മറ്റു വഴികളൊന്നുമുണ്ടായിരുന്നില്ല. അങ്ങനെ കഅ്ബ് ഒരു പദ്യമെഴുതി. ഈ പദ്യത്തിന്റെ ആദ്യവരി ഇങ്ങനെയാണ്:

**ബാനത്ത് സുആദു**
**ഫഖൽബിൽയൗമ മത്ബൂലു**

സുആദ് എന്നിൽനിന്ന് വേർപിരിഞ്ഞു, കഠിനമായദുഃഖം കാരണത്താൽ എന്റെ ഹൃദയം പൊട്ടിപ്പിളരുകയാണ്. അതിനുശേഷം കഅ്ബ് ബിൻ സുഹയ്ർ പുറപ്പെട്ടു, മദീനയിലെത്തി തന്റെ ഒരു പരിചയക്കാരന്റെ അടുത്തു താമസിച്ചു. അടുത്ത ദിവസം അയാൾ കഅ്ബിനെ നബിﷺതിരുമേനിയുടെ സന്നിധിയിൽ കൊണ്ടുവന്നു. നബിﷺതിരുമേനി സ്വുബ്ഹി നമസ്കാരം കഴിഞ്ഞ് വന്നപ്പോൾ, ആ വ്യക്തി നബിﷺതിരുമേനിയുടെ നേരെ ചൂണ്ടിക്കൊണ്ട് കഅ്ബിനോട് പറഞ്ഞു: 'ഇദ്ദേഹമാണ് റസൂലുല്ലാഹിﷺ. എഴുന്നേറ്റുചെന്ന് അദ്ദേഹത്തോടു അഭയം ചോദിക്കുക.' അദ്ദേഹം എഴുന്നേറ്റ്, നബിﷺതിരുമേനിയുടെ മുന്നിലിരുന്ന് തന്റെ കൈ നബിﷺതിരുമേനിയുടെ കയ്യിൽ വെച്ചു. നബിﷺതിരുമേനിയും അദ്ദേഹത്തിന്റെ അടുത്തിരുന്ന സ്വഹാബാക്കളിലാരും കഅ്ബ് ബിൻ സുഹയ്റിനെ തിരിച്ചറിഞ്ഞില്ല. കഅ്ബ് അപേക്ഷിച്ചു: 'യാ റസൂലുല്ലാഹ്! കഅ്ബ് ബിൻ സുഹയ്ർ അങ്ങയുടെ അടുത്ത് തന്റെ ജീവന് അഭയം തേടാനും പശ്ചാത്തപിച്ച് മുസ്‌ലിമാകാനും ആഗ്രഹിക്കുന്നു. ഞാൻ അദ്ദേഹത്തെ അങ്ങയുടെ അടുത്തു കൊണ്ടുവന്നാൽ, അങ്ങ് അദ്ദേഹത്തിന്റെ തൗബ സ്വീകരിക്കുമോ?' നബിﷺതിരുമേനി പറഞ്ഞു: 'സ്വീകരിക്കും.' അപ്പോൾ കഅ്ബ് പറഞ്ഞു: 'ഞാൻ തന്നെയാണ് കഅ്ബ് ബിൻ സുഹയ്ർ.' ഇതു കേട്ടപ്പോൾ ഒരു അൻസ്വാരി മുസ്‌ലിം എഴുന്നേറ്റു പറഞ്ഞു: 'യാ റസൂലുല്ലാഹ്! അല്ലാഹുവിന്റെ ഈ ശത്രുവിനെ എന്റെ കയ്യിൽ തരൂ, ഞാൻ അവന്റെ കഴുത്ത് വെട്ടിക്കളയാം.' എന്നാൽ, നബിﷺതിരുമേനി പറഞ്ഞു: 'ഇദ്ദേഹത്തെ പോകാൻ അനുവദിക്കൂ. ഇദ്ദേഹം പശ്ചാത്തപിക്കാനും ഖേദം പ്രകടിപ്പിക്കാനും വന്നതാണ്.' കഅ്ബ് 'ബാനത്ത് സുആദ്' എന്ന ഖസീദ പാടി, ഈ വരിയിലെത്തിയപ്പോൾ:

**ഇന്നർറസൂല ലനൂറുൻ**
**യുസ്തളാഉ ബിഹി**

**മുഹന്നദുൻ മിൻ സുയൂഫി**
**ല്ലാഹി മസ്ഊലു**

'തീർച്ചയായും റസൂലുല്ലാഹിﷺ ഒരു പ്രകാശമാണ്, അതിലൂടെ സത്യത്തിന്റെ വെളിച്ചം കരസ്ഥമാക്കപ്പെടുന്നു. അല്ലാഹുവിന്റെ വാളുകളിൽനിന്ന് ഊരിപ്പിടിച്ച ഒരു നഗ്നമായ ഇന്ത്യൻ വാളാണ്.' അപ്പോൾ നബിﷺതിരുമേനി തന്റെ ശരീരത്തിലുണ്ടായിരുന്ന പുതപ്പെടുത്ത് ഹദ്റത്ത് കഅ്ബിന്റെമേൽ ഇട്ടുകൊടുത്തു. ഈ പുതപ്പു കാരണം ഈ ഖസീദ 'ഖസീദ ബുർദ' എന്ന പേരിൽ പ്രസിദ്ധമായി, അതായത് 'പുതപ്പിന്റെ ഖസീദ'. 'ബുർദ' എന്നതിന് 'പുതപ്പ്' എന്നാണ് അർഥം. ഇതിനെ 'ബാനത് സുആദ്' എന്നും 'ഖസീദ ബുർദ' എന്നും പറയാറുണ്ട്. പിന്നീട് ഹദ്റത്ത് അമീർ മുആവിയ ഒരു വലിയ തുകയ്ക്ക് ഹദ്റത്ത് കഅ്ബിൽ നിന്ന് ഈ പുതപ്പ് വാങ്ങാൻ


**• ഹദീഥുന്നബ്വി(സ) •**

'എന്റെ സമുദായത്തിനുമേൽ വലിയ ഒരു ചുമടു ഞാൻ ചുമത്തുകയില്ലായിരുന്നെങ്കിൽ ഓരോ വുളുവിനും ദന്തധാവനം ഞാൻ അവരോടു ആജ്ഞാപിക്കുമായിരുന്നു.'
(ബു.30:27)

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്വി(സ) •**

'ശുദ്ധീരണമില്ലാതെ നമസ്കാരമോ നിയമവിരുദ്ധ മാർഗങ്ങളിൽകൂടി സമ്പാദിച്ചതിൽ നിന്നുള്ള ധർമമോ സ്വീകരിക്കപ്പെടുന്നതല്ല.' (മിശ്ക്കാത്ത് 3:1)

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ശ്രമിച്ചു. 'നബിﷺതിരുമേനിയുടെ ഈ അനുഗൃഹീതമായ പുതപ്പ് താൻ വേർപെടുത്തുകയില്ല' എന്ന് പറഞ്ഞ് അദ്ദേഹം നിരസിച്ചു. എന്നാൽ, ഹദ്റത്ത് കഅ്ബ് മരണപ്പെട്ടപ്പോൾ ഹദ്റത്ത് അമീർ മുആവിയ കഅ്ബിന്റെ അവകാശികളിൽനിന്ന് ഈ പുതപ്പുവാങ്ങി. അതിനുശേഷം ഈ പുതപ്പ് ബനൂഉമയ്യയുടെ ഭരണാധികാരികൾക്ക് അനന്തരാവകാശമായി കൈമാറ്റം ചെയ്യപ്പെട്ടു. അവരുടെ ഭരണത്തകർച്ചയോടെ അത് നഷ്ടപ്പെടുകയും ചെയ്തു. *(കഅ്ബ് ബിൻ സുഹയ്റും ഖസീദ ബാനത് സുആദും, പേജ് 6-7, മക്തബ ഇസ്ഹാഖിയ കറാച്ചി) (സീറത്തുൽഹൽബിയ്യ, വാള്യം 3, പേജ് 301-302, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(അല്ലുഅ്ലുഉൽ മക്നൂൻ, സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 9, പേജ് 393, ദാറുസ്സലാം)(മുൻതഹസ്സഊൽ അലാ വസാഇലുൽ ഉസൂൽ ഇലശ്ശമാഇലർറസൂൽ വാള്യം 3, പേജ് 166, ദാറുൽമിൻഹാജ്)(ഫർഹങ്കെ സീറത്ത് പേജ് 24, സവാർ അക്കാഡമി കറാച്ചി)*

പൊതുജനങ്ങളിൽ 'ഖസീദ ബുർദ' എന്ന പേരിൽ മറ്റൊരു ഖസീദയും കൂടുതൽ പ്രചാരത്തിലുണ്ട്. ഇത് ഇമാം ശറഫുദ്ദീൻ ബൂസീരിയുടെ ഖസീദയാണ്. ഇതിനെയും 'ഖസീദ ബുർദ' എന്ന് പറയാൻ കാരണം, അദ്ദേഹം നബിﷺതിരുമേനിയുടെ മഹത്ത്വത്തിൽ ഈ ഖസീദ എഴുതിയപ്പോൾ, നബിﷺതിരുമേനി അദ്ദേഹത്തെ സ്വപ്നത്തിൽ തന്റെ അനുഗൃഹീത പുതപ്പ് അണിയിച്ചു, അദ്ദേഹം ഉണർന്നപ്പോഴും അദ്ദേഹത്തിന്റെ തോളിൽ അതുണ്ടായിരുന്നു. ഇമാം ബൂസീരി പക്ഷാഘാതം പിടിപെട്ട ആളായിരുന്നെന്നും ഈ വസ്ത്രത്തിന്റെ അനുഗ്രഹം കൊണ്ട് രോഗം മാറിയെന്നും പറയപ്പെടുന്നു.*(ദീവാൻ ഇമാം ബൂസിരി, പേജ് 32-33, ദാറുസ്സലാം, പ്രിന്റിംഗ് പ്രസ്സ്, ലാഹോർ)*

ഇത് പറയപ്പെടുന്ന ഒരു കഥയാണ്, ഇത്തരം കഥകളും വരാറുണ്ട്. എന്തായാലും, മറ്റു ചില കടുത്ത എതിരാളികൾ ഇസ്ലാം സ്വീകരിച്ചതിനെക്കുറിച്ചും അവർക്കെങ്ങനെ മാപ്പു ലഭിച്ചു എന്നതിനെക്കുറിച്ചും പരാമർശമുണ്ട്. അത് ഞാൻ പിന്നീട് വിശദീകരിക്കുന്നതാണ്.

അടുത്ത വെള്ളിയാഴ്ച മുതൽ ഇൻശാ അല്ലാഹ്, അഹ്മദിയ്യ മുസ്ലിം ജമാഅത്ത് യു.കെ.യുടെ ജൽസസാലാനയും ആരംഭിക്കുകയാണ്. അതിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു തന്റെ അനുഗ്രഹങ്ങളാൽ ജൽസയെ അനുഗ്രഹിക്കുകയും എല്ലാ പരിപാടികൾക്കും തന്റെ അനുഗ്രഹങ്ങൾ നൽകുകയും ചെയ്യുമാറാകട്ടെ. എല്ലാ ദുഷ്ടാത്മാക്കളിൽനിന്നും, ഉപദ്രവകാരികളിൽനിന്നും, അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ ഉപദ്രവിക്കാൻ ഉദ്ദേശിക്കുന്നവരുടെ തിന്മകളിൽനിന്നും അല്ലാഹു രക്ഷിക്കുമാറാകട്ടെ. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും വരുന്ന അതിഥികളെ അല്ലാഹു സുരക്ഷിതമായെത്തിക്കുകയും ഇവിടെ അവരെ എല്ലാതരത്തിലും തന്റെ സംരക്ഷണത്തിൽ വെക്കുകയും ചെയ്യുമാറാകട്ടെ. ജൽസയ്ക്ക് സ്വന്തം ഏർപ്പാടു ചെയ്തു വരുന്ന അതിഥികളെയും ജമാഅത്തിന്റെ ആതിഥ്യ മര്യാദയുടെ വകുപ്പിനുകീഴിൽ വരുന്ന അതിഥികളെയും സൽക്കരിക്കുന്നതിനുള്ള കടമ നിറവേറ്റാൻ എല്ലാ ആതിഥേയർക്കും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. വലിയ ആവേശത്തോടും അഭിനിവേശത്തോടുംകൂടി ജൽസയുടെ ഡ്യൂട്ടികൾക്കായി ആത്മാർപ്പണം ചെയ്യുന്ന എല്ലാ പ്രവർത്തകർക്കും അല്ലാഹു അവരുടെ മേഖലകളിൽ നിസ്വാർഥ സേവനം ചെയ്യാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അതീവ ആദരവോടും വിനയത്തോടും നല്ല പെരുമാറ്റത്തോടുംകൂടി അവർ അതിഥികളെ സേവിക്കുമാറാകട്ടെ.

ചിലപ്പോൾ ജോലിയുടെ ആധിക്യവും ഉറക്കമില്ലായ്മയും ചില പ്രവർത്തകരുടെ സൽപ്പെരുമാറ്റത്തെ ബാധിച്ചേക്കാം. എന്നാൽ, ഏതൊരു മേഖലയിലും ഡ്യൂട്ടിയുള്ള എല്ലാ പ്രവർത്തകരും ഈ ദിവസങ്ങൾ ഒരു കാര്യം ചിന്തിച്ചുകൊണ്ടായിരിക്കണം ചെലവഴിക്കേണ്ടത്: അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ അതിഥികളെ സേവിക്കാൻ തൗഫീഖു നൽകിയിരിക്കുന്നു, അവസരം നൽകിയിരിക്കുന്നു. അതുകൊണ്ട് ഇതിനുവേണ്ടി എല്ലാ ത്യാഗങ്ങളും സഹിച്ച് നമ്മുടെ സേവന മനോഭാവം നിലനിറുത്തുക, ഒരു തരത്തിലുള്ള ദുർമുഖവും കാണിക്കരുത്. നമ്മുടെ മുഖങ്ങളിൽ എപ്പോഴും പ്രസന്നത ഉണ്ടായിരിക്കണം; യുവതികളായാലും സ്ത്രീകളായാലും യുവാക്കളായാലും പ്രായമായ പുരുഷന്മാരായാലും. ഉദ്യോഗസ്ഥരായാലും സഹായികളായാലും. ഭക്ഷണം പാചകം ചെയ്യുന്നവരും ലങ്കർ നടത്തുന്നവരും അല്ലെങ്കിൽ ഭക്ഷണം വിളമ്പുന്നവരും സുരക്ഷാ ജീവനക്കാരും ആരായാലും പാർക്കിംഗ് ജോലിക്കാരായാലും ശുചിത്വരംഗത്ത് പ്രവർത്തിക്കുന്നവരായാലും അകത്തും പുറത്തും സിഗ്നലുകൾ സ്ഥാപിക്കുന്നവരായാലും ഗേറ്റ് എൻട്രിയിൽ നിയമിക്കപ്പെട്ടവരായാലും കുട്ടികളുടെ പന്തലിൽ ഡ്യൂട്ടിയിലുള്ള പെൺകുട്ടികളായാലും പ്രധാന ജൽസ ഹാളിൽ ഡ്യൂട്ടിയുള്ള പെൺകുട്ടികളും ആൺകുട്ടികളും പുരുഷന്മാരും സ്ത്രീകളും ആരുമാകട്ടെ, എല്ലാവരും എപ്പോഴും പ്രസന്നതയോടെ തങ്ങളുടെ ജോലികൾ ചെയ്യേണ്ടതാണ്. അല്ലാഹു അതിന് തൗഫീഖ് നൽകുമാറാകട്ടെ.

പക്ഷേ, അതേ സമയം എല്ലാവരെയും സൂക്ഷ്മമായി നിരീക്ഷിക്കുകയും വേണം; ആരും ഒരു ദോഷവും പ്രചരിപ്പിക്കാൻ ധൈര്യപ്പെടാതിരിക്കാൻ. എല്ലാ പ്രവർത്തകർക്കും ഏറ്റവും നല്ല രീതിയിൽ സേവനം ചെയ്യാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ, അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരാകട്ടെ.*(അൽഫദ്ല് ഇന്റർനാഷണൽ 2025 ആഗസ്റ്റ് 8, പേജ് 2-6)(വിവർത്തനം: മൗലവി മുഹമ്മദു ആരിഫ് കോഴിക്കോട്)*

പേജ് 1 ൽ നിന്ന്

'അല്ലാഹു രാത്രിനേരത്ത് അർശിൽ നിന്നിറങ്ങുന്നുവെന്നും അവന്റെ മലക്കുകൾ, എന്റെ ദാസരേ!അല്ലാഹു നിങ്ങളെ കാണുന്നതിനുവേണ്ടി വന്നിരിക്കുന്നുവെന്നും എഴുന്നേൽക്കുകയെന്നും അവനെ കാണുകയെന്നും വിളിച്ചു പറയുമെന്നും ഹദീഥുകളിൽ വന്നിരിക്കുന്നു.

അതിനാൽ ഈ ഏഴു പദവികളും പൂർത്തിയാക്കേണ്ടത് എല്ലാവർക്കും നിർബന്ധമാണ്. നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക എന്നത് എല്ലാവരുടേയും നിർബന്ധ കടമയാണ്. നമസ്കാരം കൃത്യസമയത്ത് നമസ്കരിക്കുക എന്നത് എല്ലാ ഓരോരുത്തരുടേയും നിർബന്ധ കടമയാണ്. നമസ്കാരം ജമാഅത്തായി നമസ്കരിക്കുകയെന്നത് എല്ലാ ഓരോരുത്തരുടേയും നിർബന്ധ കടമയാണ്. നമസ്കാരം ചിന്തിച്ചും മനസ്സിലാക്കിയും തർജമ അറിഞ്ഞും നമസ്കരിക്കുകയന്നത് എല്ലാ ഓരോരുത്തരുടേയും നിർബന്ധ കടമയാണ്. ഫർള് നമസ്കാരങ്ങൾക്കുപുറമെ രാത്രിയിലും പകൽ നേരങ്ങളിലും നഫ്ലുകൾ നമസ്കരിക്കുകയെന്നത് എല്ലാ ഓരോരുത്തരുടേയും നിർബന്ധ കടമയാണ്. നമസ്കാരത്തിനുള്ളിൽ മഹ്വിയ്യത്തിൽ അഥവാ അല്ലാഹുവിനെ കുറിച്ചുള്ള ചിന്തയിൽ മുഴുകിയിരിക്കൽ എല്ലാ ഓരോരുത്തരുടേയും നിർബന്ധ കടമയാണ്. എത്രമാത്രം മഹ്വിയ്യത്ത് അഥവാ ലയനമുണ്ടാക്കണമെന്നാൽ നബിﷺതിരുമേനി പറഞ്ഞതനുസരിച്ച് ഒന്നുകിൽ അവൻ അല്ലാഹുവിനെ കണ്ടുകൊണ്ടിരിക്കുന്നു അല്ലെങ്കിൽ അല്ലാഹു അവനെ കണ്ടുകൊണ്ടിരിക്കുന്നുവെന്ന ദൃഢമായ വിശ്വാസം ഉൾക്കൊള്ളുമാറാകണം. പിന്നീട് എല്ലാവർക്കും വേണ്ടത് അവർ ഫർളുകളും നഫ്ലുകളും എത്രമാത്രം ബാധ്യതയോടും കൃത്യമായും അനുഷ്ഠിക്കണമെന്നാൽ, അവരുടെ രാത്രികൾ പകലുകളായി ത്തീരുംവിധം നമസ്കരിക്കുകയെന്നതാണ്. ഇപ്രകാരംതന്നെ തഹജ്ജുദിന്റെ രഹസ്യസംഭഷണങ്ങളിൽനിന്ന് ഏറ്റവും കൂടുതൽ ഫലമെടുക്കുന്നതിന് ശ്രമിക്കുക. ഈ രീതിയിൽ തങ്ങളുടെ നമസ്കാരങ്ങളെ സംരക്ഷിക്കാത്തിടത്തോളം താൻ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുമെന്നുള്ള അവന്റെ പ്രതീക്ഷ ഒരു തോന്നലിനെക്കാളുപരി യാഥാർഥ്യമുൾക്കൊള്ളുന്നതായിരിക്കുകയില്ല.

വീണ്ടും പറയുന്നു: മനുഷ്യന്റെ ആത്മീയാഭിവൃദ്ധിയുടെ 7-ാമത്തെ ഘട്ടം അല്ലാഹു അവനെ എല്ലാ സ്വർഗങ്ങളുടേയും കൂട്ടായ്മയായ 'ഫിർദൗസി'ന്റെ അനന്തരാവാശിയാക്കുന്നുവെന്നതാണ്. ഫിർദൗസിന്റെ അർഥം അറബി ഭാഷയിൽ എല്ലാതരം തോട്ടങ്ങളുടേയും കൂട്ടമെന്നാണ്. അതിനാൽ ഫിർദൗസ് എന്ന പദമുപയോഗിച്ചുകൊണ്ട്, ഏപ്രകാരം ഈ ആളുകൾ എല്ലാ ഉന്നത ദർജയിലുളള ആത്മീയമായ പ്രത്യേകതകളും തങ്ങളുടെ ഉള്ളിൽ സ്വരുക്കൂട്ടിയിരിക്കുന്നുവോ അപ്രകാരം എല്ലാ സവിശേഷഗുണങ്ങളുടേയും കൂട്ടായ്മയായിട്ടുള്ള സ്ഥാനവും അവർക്ക് ലഭിക്കുമെന്നാണ്. **ഹും ഫീഹാ ഖാലിദൂൻ** എന്നു പറഞ്ഞുകൊണ്ട്, എപ്രകാരം ഈയാളുകൾ അല്ലാഹുവിനോടുള്ള ആരാധനകൾ സംരക്ഷിച്ചിരുന്നുവോ അതേപ്രകാരം അല്ലാഹുവും ഇവരെപ്പോഴും തന്റെ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളായിരിക്കാനും ഒരിക്കലും അവരിൽ അധഃപനം ഉണ്ടാകാതിരിക്കാനും സംരക്ഷണം ഏർപ്പെടുത്തുന്നതാണ്.*(തഫ്സീറെ കബീർ വാള്യം 6, പേജ് 136 - 137, പ്രസാധനം 2010 ഖാദിയാൻ)*

പേജ് 12 ൽ നിന്ന്

ടൈമേൽ അതിക്രമം നടത്തുകയും നമ്മുടെ അവകാശങ്ങൾ ധ്വംസിക്കുകയും ചെയ്യുമ്പോൾ നമ്മൾ അതിനോടു പ്രതികരിക്കാറില്ല. നമ്മൾ ഒരു പ്രശ്നത്തിനും കാരണമാകാറുമില്ല. എല്ലാ പ്രശ്നങ്ങളും കുഴപ്പങ്ങൾക്കും കാര

ണക്കാർ അനഹ്മദികൾത്തന്നെയാണ്.

ഏതെങ്കിലും അനഹ്മദി പണ്ഡിതനോടു ഈ പ്രശ്നങ്ങളുടെ പരിഹാരമെന്തെന്ന് നിങ്ങൾ ചോദിച്ചാൽ എല്ലാ അഹ്മദികളേയും കൊല്ലുക എന്നതാണ് ഇതിന്റെ പരിഹാരമെന്ന് അവർ പറയും.

ഒരു പ്രൊഫസർ: തങ്ങളുടെ വിശ്വാസത്തിലും അധ്യാപനങ്ങളിലും മറ്റും എന്തെങ്കിലും മാറ്റം കൊണ്ടുവന്ന് അഹ്മദിയ്യ ജമാഅത്തിന് ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കുമോ?

ഹുദൂർ അൻവർ: ഹദ്റത്ത് വാഗ്ദത്ത മസീഹ്ﷺ അല്ലാഹുവിൽനിന്ന് നിയോഗിതനാണെന്ന് നമ്മൾ വിശ്വസിക്കുമ്പോൾ, അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചിരുക്കുമ്പോൾ നമ്മൾ നമ്മുടെ വിശ്വാസങ്ങളിൽ എങ്ങനെ മാറ്റം കൊണ്ടുവരാനാണ്? കഴിഞ്ഞ 125 വർഷമായി നമ്മൾ ത്യാഗങ്ങൾ ചെയ്തുവരുന്നു. അല്ലാഹുവിനെ ഭയപ്പെടുന്നതിനെക്കാൾ കൂടുതൽ നമ്മൾ ജനങ്ങളെ ഭയപ്പെടണോ?

125 വർഷം മുമ്പേ അദ്ദേഹം ഏകനായിരുന്നു. 1908-ൽ ഹദ്റത്ത് വാഗ്ദത്ത മസീഹ് ﷺ വഫാത്തായപ്പോൾ ഏകദേശം അരമില്യൺ അഹ്മദികളുണ്ടായി. ഇപ്പോൾ നമ്മൾ 150 മില്യനുണ്ട്. നമ്മൾ എന്തിന് ചിന്താകുലരാകണം? എന്തിന് ഭയപ്പെടണം? ഇന്തൊനേഷ്യയിൽ ഓരോ വർഷവും ജനങ്ങൾ അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നു. ലോകത്താകമാനം ജനങ്ങൾ ഓരോ വർഷവും അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നു. നിരന്തരം നമ്മൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതിന് ലോകം സാക്ഷിയാണ്. അപ്പോൾ പ്പിന്നെ നമ്മളെന്തിന് മാറ്റമുണ്ടാക്കണം? അല്ലാഹുവിന്റെ തൃപ്തിയാണ് നമ്മൾ ആഗ്രഹിക്കുന്നത്.

ഒരു ചോദ്യകർത്താവിന് ഹുദൂർ ഇങ്ങനെ മറുപടി നല്കി: നബി ﷺതിരുമേനി മാത്രമാണ് പാപമുക്തനെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. നബിﷺതിരുമേനിയെ കൂടാതെ ബാക്കിയാരും പാപമുക്തരാവുക സാധ്യമല്ല.

ഇന്തൊനേഷ്യയിൽനിന്നുവന്ന അതിഥികളുടെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച രാവിലെ 11.30 വരെ തുടർന്നു. അതുകഴിഞ്ഞ് ഓഫീസിലെത്തിയ ഹുദൂർ കുടുംബപരമായ കൂടിക്കാഴ്ചകൾ ആരംഭിച്ചു. ഈ കൂടിക്കാഴ്ചയിൽ ഇന്തൊനേഷ്യ, കമ്പോഡിയ, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽനിന്നുവന്ന 106 കുടുംബങ്ങളിൽനിന്നുള്ള 732 അഹ്മദികൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി ഇന്ന് കൂടിക്കാഴ്ച നടത്തി. ഓരോ കുടുംബത്തിനും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും ഹുസൂർ വാത്സല്യപൂർവം നല്കി.

കുടുംബപരമായ കൂടിക്കാഴ്ചകളുടെ ഈ പരിപാടി ഉച്ചയ്ക്ക് 1.30-ന് സമാപിച്ചു. അതിനുശേഷം മസ്ജിദ് ത്വാഹായിലെത്തി ഹുദൂർ ളുഹ്ർ-അസ്ർ നമസ്കാരങ്ങൾ ജംആയി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്ത് തിരിച്ചെത്തി. ഉച്ചയ്കുശേഷവും ഹുദൂർ ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളിൽ നിരതനായി.

വൈകുന്നേരം 6 മണിക്ക് കുടുംബരമായ കൂടിക്കാഴ്ചകൾക്ക് ഹുദൂർ വീണ്ടും ഓഫീസിൽ വന്നു. ഇന്നത്തെ വൈകുന്നേരത്തെ സെഷനിൽ ഇന്തൊനീഷ്യ, ബംഗ്ലാദേശ്, സിംഗപ്പൂർ, മലേഷ്യ, പാപ്പുവ ന്യൂഗിനി, ഹോങ്കോങ് എന്നീ രാജ്യങ്ങളിൽ നിന്നുവന്ന കുടുംബങ്ങൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. 109 കുടുംബത്തിൽനിന്നുള്ള 646 പേർക്ക് കൂടിക്കാഴ്ചയ്ക്ക് അവസരം ലഭിച്ചു. ഓരോ കുടുംബത്തിനും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യംകിട്ടി. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും ഹുദൂർ സ്നേഹത്തോടെ നല്കി.

ഇന്നത്തെ കൂടിക്കാഴ്ചയിൽ നിരവധി കുടുംബങ്ങൾ ജീവിതത്തിലാദ്യമായാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്. ഓരോരുത്തരും അവരവരുടേതായ രീതിയിൽ മനഃശാന്തി കരസ്ഥമാക്കി. അതിരറ്റ ദുആകളുടെ ഖജനാവുമായി ഹുദൂറിനോടു യാത്ര പറഞ്ഞു. അവരുടെ മുഖങ്ങൾ പ്രസന്നമായിരുന്നു. വൃദ്ധരും യുവാക്കളും സ്ത്രീകളും ആൺകുട്ടികളും പെൺകുട്ടികളും എല്ലാവരും സന്തോഷഭരിതായി കണ്ടു. കഴിഞ്ഞ വർഷങ്ങളിൽ വളരെ വേദനാജനകവും നിർദ്ദയവുമായി ശഹീദാക്കപ്പെട്ട മൂന്ന് രക്തസാക്ഷികളുടെ കുടുംബങ്ങളും ഇവരിലുണ്ടായിരുന്നു. സ്വന്തം വീടും അതിലെ സാധനങ്ങളും എതിരാളികൾ അഗ്നിക്കിരയാക്കിയ ഇന്തൊനീഷ്യയിലെ ലോമ്പോക്ക് ദ്വീപിലെ രണ്ട് അഹ്മദി കുടുംബവും ഈ സംഘത്തിലുണ്ടായിരുന്നു. ഇവരിപ്പോഴും സ്വന്തം വീട്ടിൽനിന്നും ഭൂമിയിൽനിന്നും ഗ്രാമത്തിൽനിന്നും പുറത്താക്കപ്പെട്ട നിലയിൽ മറ്റൊരു പ്രദേശത്ത് താൽക്കാലികമായ അഭയകേന്ദ്രത്തിൽ കഴിയാൻ നിർബന്ധിതരാണ്. അഹ്മദിയ്യത്തിന്റെ എതിരാളികൾ അവരെ സ്വന്തം നാട്ടിൽ മടങ്ങിപ്പോകരുതെന്ന് ഭീഷണിപ്പെടുത്തിയിരിക്കുകയാണ്.

ഇവരെല്ലാവരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കണ്ട് സന്തോഷാതിരേകത്താൽ പ്രസന്നരായിരുന്നു. മനഃശ്ശാന്തിപ്രാപിക്കുകയും മനസ്സമാധാനംകൊണ്ട് സന്തോഷഭരിതമാവുകയും ചെയ്തു. ദുഖങ്ങൾക്കും പ്രയാസങ്ങൾക്കും ശമനമുണ്ടായി. ഹുദൂർ അൻവറിന്റെ അനുഗൃഹീത വ്യക്തിത്വത്തിൽ നിന്ന് അവർക്ക് ആവോളം സ്നേഹം ലഭിച്ചു. കൂടിക്കാഴ്ച കഴിഞ്ഞ് ഇവർ പുറത്തുവരുമ്പോൾ അവരുടെ കണ്ണുകളിൽനിന്ന് ആനന്ദക്കണ്ണീർ പൊഴിഞ്ഞുകൊണ്ടിരുന്നു. ചിലരുടെ കണ്ണുകളിൽനിന്ന് അത് നിയന്ത്രാണീതതമായി ഒഴുകിക്കൊണ്ടിരുന്നു. സ്വന്തം ജീവിതത്തിൽ ഖലീഫത്തുൽ മസീഹിന്റെ മുഖം ദർശിക്കാൻ സാധിക്കുമെന്നും ഹുദൂറുമൊത്ത് സംസാരിക്കാൻ കഴിയുമെന്നും ഒരിക്കലും കരുതിയിരുന്നില്ലെന്ന് ചിലർ പറയുന്നുണ്ടായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹമാണ് തങ്ങൾക്ക് ഈ അവസരം പ്രദാനം ചെയ്തത്. ഇന്ന് ഹുദൂറിന്റെ സാന്നിധ്യം തങ്ങൾക്ക് ലഭിച്ചുവെന്നും അവർ സന്തോഷത്തോടെ വിവരിച്ചു. വിവരിക്കാൻ വാക്കുകളില്ലാത്ത വിധം ആമോദത്തിലാണെന്നും അവർ പറഞ്ഞു. ഈ സന്തോഷങ്ങൾ അല്ലാഹു അവരിൽ എന്നെന്നും നിലനിറുത്തുമാറാകട്ടെ.

ഈ കൂടിക്കാഴ്ചകളുടെ പരിപാടി 08.00 മണിവരെ തുടർന്നു. പിന്നീട് മസ്ജിദ് ത്വാഹായിലെത്തി ഹുദൂർ ളുഹ്ർ-അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

### 2013 സെപ്റ്റംബർ 29, ഞായറാഴ്ച

ഹുദൂർ വെളുപ്പിന് 6 മണിക്ക് മസ്ജിദ് ത്വാഹായിൽ സ്വുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്തെത്തിയ ഹുദൂർ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ വ്യാപൃതനായി.

### കൂടിക്കാഴ്ചകൾ

ഇന്തൊനേഷ്യ, പാപ്പുവാ ന്യൂഗിനി രാജ്യങ്ങളിൽനിന്നുള്ള 60 കുടുംബങ്ങളിൽ നിന്നും 233 പേർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും ഹുദൂർ സന്തോഷത്തോടെ നല്കി. ഏതാനും നിമിഷങ്ങൾ ഹുദൂറുമൊത്ത് കഴിച്ചുകൂട്ടിയ കുടുംബങ്ങളും അവിടങ്ങളിലെ കുട്ടികളും എത്ര ഭാഗ്യവാന്മാരാണ്. ഹുദൂറിന്റെ അനുഗൃഹീത കരങ്ങളിൽനിന്ന് ലഭിച്ച ഉപഹാരങ്ങൾ അവരുടെ ജീവിതത്തിൽ ഒരു ഓർമയായി. കൂ

**• അല്ലാഹുവിന്റെ കലാം •**

"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"
(വിശുദ്ധ ഖുർആൻ 54:18)

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

**• ഹദീഥുന്നബവി(സ) •**

'ശുദ്ധി വിശ്വാസത്തിന്റെ നേർ പകുതിയാകുന്നു.'
(മുസ്‌ലിം. മിശ്ക്കത്ത് 3)

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ടിക്കാഴ്ചകളുടെ ഈ പരിപാടി ഉച്ചകഴിഞ്ഞ് 01.30-ന് സമാപിച്ചു. അതുകഴിഞ്ഞ് ളുഹ്ർ-അസ്ർ ജംആക്കി നമസ്കരിപ്പിച്ചു.

വൈകുന്നേരം 06.30-ന് മസ്ജിദ് ത്വാഹായിൽ ഹുദൂർ കൂടിക്കാഴ്ചകൾക്ക് വീണ്ടും വന്നു. കുടുംബ പരമായ കൂടിക്കാഴ്ചകൾക്കു പുറമെ ഹുദൂറിന്റെ സിംഗപ്പൂർ പര്യടന വേളയിൽ ഡ്യൂട്ടി നല്കിയ വിവിധ വിഭാഗങ്ങളിൽനിന്നുള്ള ഖുദ്ദാം, ലജ്നാ, മറ്റു ജമാഅത്തംഗങ്ങൾക്കും കൂടിക്കാഴ്ചയ്ക്ക് ക്രമപ്രകാരം അവസരം ലഭിച്ചു.

ലജ്നകളുടെ കൂടിക്കാഴ്ച താഴെ പറയുന്ന ക്രമപ്രകാരമാണ് നടന്നത്. ട്രാൻസ്പോർട്ട് വിഭാഗം, അക്കോമഡേഷൻ, ലജ്നാ കോഓർഡിനേറ്റർ, സെക്യൂരിറ്റി വിഭാഗം, ഡിസിപ്ലിൻ വിഭാഗം, ആതിഥേയ വിഭാഗം, രജിസ്ട്രേഷൻ വിഭാഗം, ലജ്നാ മെഡിക്കൽ ടീം, ഇന്തൊനേഷ്യൻ ലജ്നാ ആതിഥേയ വിഭാഗം, രജിസ്ട്രേഷൻ വിഭാഗം, കൂടിക്കാഴ്ചാ വിഭാഗം.

പുരുഷന്മാരുടെ വിഭാഗങ്ങൾക്കും ഇതേപ്രകാരം കൂടിക്കാഴ്ചക്ക് സൗഭാഗ്യം ലഭിച്ചു. രജിസ്ട്രേഷൻ വിഭാഗം, ആതിഥേയ വിഭാഗം, ഖുദ്ദാമുൽ അഹ്മദിയ്യാ സെക്യൂരിറ്റി വിഭാഗം, മെഡിക്കൽ ടീം, കൂടിക്കാഴ്ച വിഭാഗം, ട്രാൻസ്പോർട്ട്, അക്കോമഡേഷൻ, സ്വീകരണ വിഭാഗം, പ്രോഗ്രാം ഓർഗനൈസിംഗ് കമ്മിറ്റി.

കൂടിക്കാഴ്ചയുടെ ഈ സായാഹ്ന സെഷനിൽ 12 കുടുംബങ്ങളിൽനിന്ന് വിവിധ ഡ്യൂട്ടി നല്കിയ വിഭാഗങ്ങളിൽനിന്നുമുള്ള 178 അംഗങ്ങൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

കൂടിക്കാഴ്ചയുടെ ഈ ഒടുവിലത്തെ സെഷൻ 08.00 മണിവരെ നീണ്ടു നിന്നു. ഓരോ വിഭാഗത്തിനും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. ഓരോ വ്യക്തിക്കും കൂടിക്കാഴ്ചയ്ക്ക് ഹുദൂർ അവസരം നല്കി. ഹസ്തദാനം ചെയ്ത് അനുഗ്രഹിച്ചു.

## നിക്കാഹ് വിളംബരം

ശേഷം മസ്ജിദ് ത്വാഹയിലെത്തിയ ഹുദൂർ മഗ്‌രിബ്-ഇശാ ജംആക്കി നമസ്കരിക്കുന്നതിന് മുമ്പേ സിംഗപ്പൂർ മുബല്ലിഗ് ഹസൻബസ്വരി സാഹിബിന് മൂന്ന് നിക്കാഹ് വിളംബരം ചെയ്യാൻ അനുവാദം നല്കി. ഒടുവിൽ ഹുദൂർ ദുആക്ക് നേതൃത്വം നല്കി. തുടർന്ന് മഗ്‌രിബ്-ഇശാ ജംആക്കി നമസ്കരിപ്പിച്ചു.

## ഖിലാഫത്തിന്റെ വെളിച്ചം തേടി പൂമ്പാറ്റകൾ

ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അഞ്ചാമന്റെ സിംഗപ്പൂർ പര്യടന വേളയിൽ ഇന്തൊനേഷ്യ, മലേഷ്യ രാജ്യങ്ങളിൽനിന്ന് ഏകദേശം മൂവായിരം അഹ്മദികൾ തങ്ങളുടെ പ്രിയങ്കരനായ ഇമാമുമായി കൂടിക്കാഴ്ചക്കെത്തി. കൂടാതെ തായ്ലാൻഡ്, കമ്പോഡിയ, വിയറ്റ്നാം, ഫിലിപ്പൈൻസ്, ബ്രൂണെ, പാപ്പുവ ന്യൂഗിനി, ശ്രീലങ്ക, ബംഗ്ലാദേശ്, മ്യാൻമർ (ബർമ), ഇന്ത്യ, ഹോങ്കോങ് തുടങ്ങിയ രാജ്യങ്ങളിൽനിന്നും ധാരാളമാളുകളും കുടുംബങ്ങളും സിംഗപ്പൂരിലെത്തിയിരുന്നു. ജർമനി, ഡന്മാർക്ക്, ദുബൈ, അമ്മാൻ എന്നീ രാജ്യങ്ങളിൽനിന്ന് ചില സഹോദരങ്ങളും കുടുംബങ്ങളും ഇവിടെ എത്തിയിരുന്നു. ഇന്തൊനേഷ്യയിലെ 88 ജമാഅത്തുകളിൽനിന്നുള്ള ഏകദേശം 2500 ഓളം വ്യക്തികളും കുടുംബങ്ങളും വളരെ നീണ്ട യാത്ര ചെയ്താണ് സിംഗപ്പൂരിലെത്തിയത്. ചില ജമാഅത്തുകളുടെ പേര് ചുവടെ ചേർക്കുന്നു:

ബൻഡൻഗ്, ജക്കാർത്ത, ബോഗോർ, സൈർബോൺ, സിഹെരങ്ക്, ബോൻടെൻഗ്, ഡെപൊക്, കവാലു, കാബാൻ, ഗരുട്ട്,ടേപോക് ലെബാക്ക്, കെന്ദാരി, കേമങ്ക്, പാഗാംഗ്, മത്താരം, മകസ്സർ, സെറാംഗ്, സിംഗപാർണ, സെറുവ, സേരങ്ക്, തംബുൻ, സുരാബായ, ബട്ടാം, പപ്പുവാ, യോഗിയകാർത്ത, ബാലി, തൻജംഗ്, ഹിനായി, മേഡൻ, ലോമ്പോക്, ബോജോങ്ക്, ട്രിസി, മെലാക്ക് തുടങ്ങിയവ.

ഇന്തൊനേഷ്യയിലെ 80 ജമാഅത്തുകളിൽനിന്നും നഗരങ്ങളിൽനിന്നും ദ്വീപുകളിൽനിന്നും വന്ന സഹോദരങ്ങളും കുടുംബങ്ങളും ദീർഘമായ യാത്രചെയ്താണ് സിംഗപ്പൂരിലെത്തിയത്.

മനോക്വാരി വെസ്റ്റ് പപ്പിയാ ജമാഅത്തിൽനിന്ന് വന്ന കുടുംബങ്ങൾ മൂന്ന് കപ്പലുകൾ മാറി മാറി 07.30 മണിക്കൂർ വിമാന യാത്രയും ചെയ്താണ് സിംഗപ്പൂരിലെത്തിയത്. ഈസ്റ്റ് കലിമണ്ടൻ ജമാഅത്തിൽനിന്ന് വന്ന 9 ആളുകളടങ്ങുന്ന സംഘം 6 മണിക്കൂർ റോഡ് യാത്രയും മൂന്നര മണിക്കൂർ വിമാന യാത്രയും ചെയ്താണ് സിംഗപ്പൂരിലെത്തിയത്.

മെലാക് ജമാഅത്തിൽനിന്ന് 12 മണിക്കൂർ റോഡ് യാത്രയും തുടർന്ന് 2 വിമാനങ്ങളിൽ മൂന്നര മണിക്കൂർ വ്യോമയാനയാത്രയും ചെയ്താണ് സിംഗപ്പൂരെത്തിയത്.

നോർത്ത് സുമാത്ര ജമാഅത്തിൽനിന്ന് ആദ്യം 6 മണിക്കൂർ സമുദ്ര യാത്രയും തുടർന്ന് 12 മണിക്കൂർ റോഡ്യാത്രയും ചെയ്ത് സിംഗപ്പരിലെത്തിയത്.

സിൻതാങ്ങ് ജമാഅത്തിൽ നിന്നുള്ളവർ ആദ്യം 12 മണിക്കൂർ റോഡ്യാത്രയും തുടർന്ന് രണ്ടര മണിക്കൂർ രണ്ടു വിമാനങ്ങളിൽ യാത്ര ചെയ്താണ് സിംഗപ്പൂരിലെത്തിയത്.

നോർത്ത് സുലാവേസി ദ്വീപ് ജമാഅത്തിൽനിന്നെത്തിയവർ ആദ്യം 6 മണിക്കൂർ റോഡുവഴിയും തുടർന്ന് 5 മണിക്കൂർ വ്യോമയാന യാത്രയും ചെയ്താണെത്തിയത്.

എല്ലാത്തിനെക്കാളുമുപരി നിയാസിൽ(നോർത്ത് സുമാത്രയിൽ)നിന്നുവന്ന സംഘം ആദ്യം 10 മണിക്കൂർ സമുദ്രയാത്രയും തുടർന്ന് 10 മണിക്കൂർ റോഡുവഴിയും പിന്നീട് 6 മണിക്കൂർ സമുദ്ര യാത്രയ്ക്കും ശേഷം 12 മണിക്കൂർ റോഡുയാത്രയും ചെയ്താണെത്തിയത്. മൊത്തത്തിൽ 38 മണിക്കൂർ യാത്ര ചെയ്താണ് ഈ അഹ്മദികൾ പ്രിയപ്പെട്ട ഇമാമിനെ ഒരു നോക്കു കാണാനെത്തിയത്. ക്ഷീണിതരാക്കുന്ന ഇതേ നീണ്ട ദൂരംതന്നെ ഇവർ മടക്ക യാത്രയും ചെയ്യേണ്ടിവരും. തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കാണുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്തതുകൊണ്ട് അവരുടെ എല്ലാ ക്ഷീണവും നീങ്ങിപ്പോയി. എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു.

ഇന്തൊനേഷ്യയിൽനിന്നുവന്ന എം സിയാരീഫ് സാഹിബ് പറഞ്ഞു:'ജീവിതത്തിൽ ആദ്യമായാണ് എനിക്ക് ഹുദൂറിന്റെ ദർശനം ലഭിച്ചത്. എന്റെ എല്ലാ പ്രയാസങ്ങളും ക്ഷീണവും ഹുദൂറുമായുള്ള കൂടിക്കാഴ്ചക്കുശേഷം വിട്ടകന്നു. വിവരണാതീതമായ നിലയിൽ ഞാൻ സന്തോഷവാനാണ്. ബാൻകെ ദ്വീപിൽനിന്ന് 30 മണിക്കൂർയാത്ര ചെയ്താണ് ഇവിടെ എത്തിയത്. ഇതിലെ സിംഹഭാഗവും സമുദ്ര യാത്രയായിരുന്നു. ഹുദൂറിനെ ഒരു നോക്ക് കാണുക എന്നത് മാത്രമായിരുന്നു എന്റെ വരവിന്റെ ലക്ഷ്യം. ഇനിയുള്ള ആഗ്രഹം ഹുദൂർ നമ്മുടെയടുക്കൽ ഇന്തൊനേഷ്യ

**• ഹദീഥുന്നബ്‌വി ﷺ •**



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8844680091

**• ഹദീഥുന്നബ്‌വി(സ) •**

"എനിക്കുമുമ്പേ ആർക്കും അനുവദിക്കപ്പെടാത്ത 5 കാര്യങ്ങൾ എനിക്ക് അനുവദിച്ചിരിക്കുന്നു.....എനിക്കുവേണ്ടി ഭൂമി ഒരു മസ്ജിദായിട്ടും ശുദ്ധീകരണത്തിനുള്ള ഒരു മാർഗമായിട്ടും ആക്കിയിരിക്കുന്നു(ബു. 7:1)."


TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

**(വിശുദ്ധ ഖുർആൻ 51:57)**

tectona
feel more confidence



tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

യിലും വരണമെന്നതാണ്.

ഇന്തൊനേഷ്യയിൽനിന്നുവന്ന ഒരുസുഹൃത്ത് പറയുന്നു:ജീവിത്തിലാദ്യമായി എനിക്ക് ഹുദൂർ അൻ വറുമായി കൂടിക്കാഴ്ചക്ക് അവസരം കിട്ടി. എന്റെ സ്വപ്നം അല്ലാഹു നിറവേറ്റി. ഹുദൂറിന്റെ പരിശുദ്ധമായ കൈയിൽ ഞാൻ മുത്തുന്നതായി കുറച്ചു കാലത്തിനു മുമ്പേ ഞാനൊരു സ്വപ്നം കണ്ടു. ഇന്ന് അല്ലാഹു അത് പൂർത്തിയാക്കി. എനിക്ക് ഹുദൂറിനെ കാണാൻ സാധിച്ചു. അനുഗ്യഹീത കൈയിൽ മുത്തി. ഹുദൂറിന്റെ അനുഗ്യഹീത മുഖകമലം പ്രകാശിക്കുന്നത് കണ്ടു. അതിരില്ലാത്ത നിലയിൽ ഞാനിന്ന് സന്തോഷവാനാണ്.

ഇന്തോനേഷ്യയിൽനിന്നു വന്ന ഒരു ദമ്പതിമാർ പറയുന്നു: ഞങ്ങൾക്ക് ലഭിച്ച ഏറ്റവും വിലപിടിച്ച ഉപഹാരം ഹുസൂർഅൻവറുമായുള്ള കൂടിക്കാഴ്ചയാണ്. തന്റെ സവിശേഷ ഔദാര്യംകൊണ്ട് കൂടിക്കാഴ്ചക്ക് സാഹചര്യം സംവിധാനം ചെയ്തു തന്ന അല്ലാഹുവിന് ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. ഹുദൂറുമായുള്ള കൂടിക്കാഴ്ചക്കുശേഷം ഞങ്ങൾക്ക് അതിരില്ലാത്ത ശാന്തിയും സംതൃപ്തിയും കൈവന്നു. ഞങ്ങളുടെ എല്ലാ പ്രയാസങ്ങളും അവസാനിച്ചു. 13 വർഷമായി ഞങ്ങൾക്ക് മക്കളില്ല. ഹുദൂറിനോടു മക്കളുണ്ടാകാൻ ദുആക്കപേക്ഷിച്ചു. ഹുദൂറിന്റെ ദുആ മുഖേന ഞങ്ങൾക്ക് സന്താനഭാഗ്യം ഉണ്ടാകുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്.

ഇന്തൊനേഷ്യയിലെ സോസ ജമാഅത്തിൽനിന്നു വന്ന ഒരു സ്നേഹിതൻ പറയുന്നു:ഹുദൂർ അൻ വറുമായുള്ള കൂടിക്കാഴ്ചക്ക് വളരെ മോഹമുണ്ടായിരുന്നു. എന്നാൽ എന്റെയടുക്കൽ പണമുണ്ടായിരുന്നില്ല. യാത്ര ചെയ്യുന്നതിനുവേണ്ടി വാഹനത്തിനു നല്കാനുള്ള തുക പോലും ഉണ്ടായിരുന്നില്ല. ഏതു സാഹചര്യത്തിലും പോകണമെന്നും എന്റെ ഖലീഫയെ കാണണമെന്നും ഞാനുറപ്പിച്ചു. എന്റെ കയ്യിൽ സ്ഥലമുണ്ടായിരുന്നു. അതു വിറ്റു കിട്ടിയ തുകകൊണ്ട് ടിക്കറ്റെടുത്ത് ഞാന് സിംഗപ്പൂരിൽവന്നു. പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചക്ക് വേണ്ടിയുള്ള എന്റെ ജീവിതാഭിലാഷം ഇപ്പോൾ പൂർത്തിയായി.

പാപ്പുവാ ന്യൂഗിനിയിൽ നിന്നുവന്ന സലാമത്ത് സാഹിബ് പറയുന്നു:മുമ്പേ ഹുദൂറിനെ എം.ടി.എ യിൽമാത്രമാണ് ഞങ്ങൾ കാണാറുണ്ടായിരുന്നത്. ഹുദൂർ അൻവറിന്റെ ഖുത്ബകൾ കേൾക്കാറുണ്ടായിരുന്നു. ജീവിതത്തിൽ ഇന്ന് ആദ്യമായി ഹുദൂറുമൊത്ത് കൂടിക്കാഴ്ചയ്ക്ക് അവസരം കൈവന്നു. എന്റെ കണ്ണുകൾകൊണ്ട് ഹുദൂർ അൻവറിനെ ഞാൻ വളരെയടുത്ത് കണ്ടു. വിവരിക്കാൻ സാധിക്കാത്തത്രയും സന്തോഷം ഇന്നെനിക്കുണ്ട്. എന്റെയടുക്കൽ വാക്കുകളില്ല.

ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു.

ഇന്തൊനേഷ്യയിൽനിന്നുവന്ന എ.ത്വാഹിർ സാഹിബ് പറയുന്നു:കുറച്ചുകാലമായി എം.ടി.എ യിൽ ഹുദൂർ അൻവറിനെ കാണാറുണ്ടായിരുന്നു. ഹുദൂറുമായി കൂടിക്കാഴ്ചക്ക് എനിക്ക് ഒരിക്കലും സാധിച്ചിരുന്നില്ല. ഇന്ന് കൂടിക്കാഴ്ചയ്ക്കുശേഷം എനിക്ക് വിവരിക്കാൻ സാധിക്കാത്തത്ര സന്തോഷമുണ്ടായി.

വികാരാവേശത്താൽ സംസാരിക്കാൻ സാധിക്കാതെ വന്ന അദ്ദേഹം ഒടുവിൽ പറഞ്ഞു: ഇനി ഒരേയൊരു ആഗ്രഹമേയുള്ളൂ. നിത്യവും പ്രിയപ്പെട്ട നേതാവിന്റെ ദർശനമുണ്ടാവുക. ഹുദൂറിന്റെ അനുഗൃഹീത വാക്കുകൾ ശ്രദ്ധിച്ച് കേട്ടുകൊണ്ടിരിക്കുക.

ഇന്തൊനേഷ്യയിൽനിന്നുവന്ന ജുമയ്ദ് സാഹിബ് പറഞ്ഞു: എനിക്കും എന്റെ ഭാര്യക്കും രണ്ട് ആഗ്രഹങ്ങളേയുണ്ടായിരുന്നുള്ളു. ഹുദൂറുമായി കൂടിക്കാഴ്ച നടത്തുക. രണ്ടാമത്തേത് ഹജ്ജ് ചെയ്യാൻ അവസരം ലഭിക്കുക. *അൽഹംദു ലില്ലാഹ്.* എന്റെ ആദ്യത്തെ ആഗ്രഹം പൂർത്തിയായി. ജീവിതത്തിൽ ആദ്യമായി ഞങ്ങൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഈ കൂടിക്കാഴ്ച ഞങ്ങളുടെ വിശ്വാസം വളരെയധികം വർധിപ്പിക്കുന്നതാണ്. ഹുദൂർ അൻവറിന്റെ അനുഗൃഹീത മുഖകമലത്തിൽ ഒരു പ്രകാശമുണ്ടായിരുന്നു. അതിലൂടെ ഞങ്ങൾക്ക് വളരെയധികം മനശ്ശാന്തി കൈവന്നു. ഞങ്ങളുടെ ഹൃദയം സമാധാനനിർഭരമായി. വിവരിക്കാൻ സാധിക്കാത്തതിലുമധികം ഞങ്ങൾക്ക് സന്തോഷമുണ്ട്.

മലേഷ്യയിൽനിന്നുവന്ന അഞ്ഞൂറിലധികം വരുന്ന ആളുകളും കുടുംബങ്ങളും സ്ത്രീ പുരുഷന്മാരും കുട്ടികളും വളരെ നീണ്ട യാത്ര ചെയ്താണ് സിംഗപ്പൂരിലെത്തിയത്.

സബാഹിൽനിന്ന് വന്നവർ 1445 കിലോമീറ്ററും, പെർലിസിൽ നിന്നുവന്ന കുടുംബങ്ങൾ 900 കിലോമീറ്റർ 22 മണിക്കൂർ ട്രെയിൻ യാത്ര ചെയ്തുമാണ് സിംഗപ്പൂരിലെത്തിയത്. കോലാലംപൂരിൽനിന്ന് ന്ന് വന്നവർ 9 മണിക്കൂർ ട്രെയിൻ യാത്ര ചെയ്താണ് എത്തിയത്. പേറക്ക് ജമാഅത്തിൽ നിന്നു വന്നവർ റോഡുമാർഗ്ഗം 6 മണിക്കൂറും പെനാംഗ് ജമാഅത്തിൽനിന്നുള്ളവർ 7 മണിക്കൂറും യാത്ര ചെയ്താണെത്തിയത്. സെലംഗോർ ജമാഅത്തിൽനിന്നുള്ള കുടുംബങ്ങൾ 8 മണിക്കൂർ ട്രെയിൻ യാത്ര ചെയ്തെത്തി. മലേഷ്യയിലെ 8 ജമാഅത്തുകളിൽനിന്ന് നീണ്ട ദൂരം യാത്ര ചെയ്താണ് തങ്ങളുടെ ഖലീഫയെ ഒരു നോക്കു നേരിട്ട് കാണാനും ഇമാമിന്റെ സാമീപ്യം കരസ്ഥമാക്കാനുമെത്തിയത്.

ഇന്തൊനേഷ്യ, മലേഷ്യ പോലെയുള്ള രാജ്യങ്ങൾ ഉൾപ്പെടുന്ന ഈ റീജ്യണിൽനിന്നു വന്ന കുടുംബങ്ങളും പുരുഷന്മാരും സ്ത്രീകളും വൃദ്ധരും യുവാക്കളും ആൺകുട്ടികളും പെൺകുട്ടികളും തങ്ങളുടെ പ്രിയ്യപ്പെട്ട ഇമാമിന്റെ സാമീപ്യത്തിൽ ചില നിമിഷങ്ങളും മണിക്കൂറുകളും സ്വന്തം ജീവിതത്തിൽ ചെലവഴിക്കാൻ സാധിക്കുമെന്ന് അറിയുന്നവരായിരുന്നു. ജീവിതത്തിന്റെ മൊത്തം സമ്പാദ്യവും ഇതു തന്നെയാണ്. ഈ അനുഗൃഹീത നിമിഷങ്ങൾക്കുവേണ്ടിയാണ് നീണ്ട ദൂരം യാത്ര ചെയ്ത് ഇവിടെ എത്തിയതും. പ്രതീക്ഷിച്ചതുപോലെ തന്നെ ഇമാമിന്റെ സാമീപ്യത്തിൽ ചില നിമിഷങ്ങൾ ചെലവഴിക്കാനും അനുഗ്രഹങ്ങൾ നേടുവാനും സാധിച്ചു. ഹുദൂറുമൊത്ത് എന്നും ജീവിതത്തിന് അലങ്കാരമേകുന്ന ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. പ്രിയപ്പെട്ട ഹൂദൂറിൽനിന്ന് ദുആകൾ കരസ്ഥമാക്കി. ഉപഹാരങ്ങൾ നേടുകു യും ചെയ്തു. ഹുദൂറിന്റെ തിരുകരങ്ങളിൽ മുത്തം വെച്ചു. കൂടിക്കാഴ്ചക്കുശേഷം പുറത്തുവരുന്ന അവരുടെ സന്തോഷംകൊണ്ട് പ്രസന്നമായിരുന്ന മുഖവും കണ്ണുകളിൽ നിന്ന് അടർന്നു വീഴുന്ന കണ്ണീരും വികാരവായ്പ്പോടുകൂടിയ ഹൃദയവും അവരുടെ മാനസികാവസ്ഥ സ്വയം വിവരിക്കുന്നു. ഇവരെല്ലാവരും വളരെയധികം ഭാഗ്യശാലികളാണ്. ഏതാനും നിമിഷങ്ങളിൽ അതിരറ്റ അനുഗ്രഹങ്ങളാണ് അവർ സ്വരുക്കൂട്ടിയത്. അവരുടെ ദീനും ദുൻയാവും അലംകൃതമായി. ഈ അനുഗ്രഹങ്ങളും സൗഭാഗ്യങ്ങളും അല്ലാഹു അവർക്കുവേണ്ടി സ്ഥായിയാക്കുമാറാകട്ടെ. എന്നും അഹ്മദിയ്യാ ഖിലാഫത്തിനോടു തങ്ങളെ ചേർത്തുവെക്കുമാറാകട്ടെ. ആമീൻ(തുടരും)*(അവലംബം:ബദ്ർ ഉർദു 2013 നവംബർ 21)*

The Weekly BADR
Qadian
(Malayalam)

ബദർ
വീക്കിലി ഖാദിയാൻ
Weekly
BADAR Qadian
Malayalam

## • അല്ലാഹുവിന്റെ കലാം •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

## • അല്ലാഹുവിന്റെ കലാം •

എനിക്ക് ആഹാരവും പാനീയവും നല്കുന്നവനാണ് അവൻ (അല്ലാഹു). ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു (26:80–81)



ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail :badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly BADAR Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 21 August 2025 Issue-34

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

ANNUAL SUBSCRIPTION : Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസിന്റെ സിംഗപ്പൂർ പര്യടനം

ബദ്ർ വാള്യം 10 ലക്കം 33 പേജ് 11
നാലാം കോളം തുടർച്ച.....

### ഇന്തൊനേഷ്യൻ അഹ്മദികളുമായുള്ള കൂടിക്കാഴ്ച

ഒരു ചോദ്യം: ഹദ്റത്ത് ഈസാ‏ﷺന്റെ ആത്മാവ് ഹദ്റത്ത് വാഗ്ദത്ത മസീഹിൽ‏ﷺ എങ്ങനെ പ്രവേശിച്ചു?

ഹുദൂർ അൻവർ: നമ്മൾ അങ്ങനെ പറയുന്നില്ല. ഇപ്രകാരം ആത്മാവ് മറ്റൊരാളിൽ പ്രവേശിക്കുകയില്ല. താൻ ഹദ്റത്ത് ഈസാ മസീഹിന്റെ സദൃശ്യനായി വന്നിരിക്കുന്നുവെന്നാണ് വാഗ്ദത്ത മസീഹ് ‏ﷺ പറഞ്ഞിട്ടുള്ളത്. അദ്ദേഹത്തിന്റെ ആത്മാവോടുകൂടിയല്ല. തന്നിൽ ഹദ്റത്ത് ഈസായുടെ ആത്മാവ് പ്രവേശിച്ചിട്ടുണ്ടെന്ന് ഹദ്റത്ത് മസീഹ് മൗഊദ്‏ﷺ ഒരിക്കലും പറഞ്ഞിട്ടില്ല.

ജിഹാദിനെ സംബന്ധിച്ചുള്ള ഒരു ചോദ്യത്തിന് ഹുദൂർ പറഞ്ഞു: ഇസ്‌ലാമിന്നെതിരിൽ യുദ്ധങ്ങൾ നടന്ന കാലഘട്ടത്തിലായിരുന്നു വാളുകൊണ്ടുള്ള ജിഹാദ് നടന്നിരുന്നത്. ഇക്കാലത്ത് ഒരു ഭരണകൂടവും ഇസ്‌ലാംമതത്തിനെതിരിൽ ഒരു യുദ്ധവും നടത്തുന്നില്ല. വാഗ്ദത്ത മസീഹ് വരുന്ന കാലത്ത് യുദ്ധങ്ങൾ നിറുത്തൽ ചെയ്യപ്പെടുമെന്ന് നബിﷺ തിരുമേനി പറഞ്ഞിട്ടുണ്ട്. മതപരമായ ഒരു യുദ്ധവുമുണ്ടാകുകയില്ല. അതുകൊണ്ട് വാളുകൊണ്ടുള്ള ജിഹാദുമില്ല. ഇനി ഏതെങ്കിലും ഭരണകൂടം ഇസ്‌ലാമിന്റെ മേലോ മതത്തിന്റെ മേലോ ആക്രമണം നടത്തിയാൽ ജിഹാദു ചെയ്യുന്നതിൽ നമ്മൾ ഏറ്റവും മുമ്പിലുണ്ടായിരിക്കും.

13 വർഷം നബിﷺതിരുമേനി മക്കയിൽ ശത്രുക്കളുടെ ദ്രോഹങ്ങൾ സഹിച്ചു. അദ്ദേഹത്തിന്റെ അനുചരന്മാർ കഷ്ടങ്ങളിൽ ക്ഷമ പുലർത്തി. തുടർന്ന് അദ്ദേഹവും അദ്ദേഹത്തിന്റെ ചില അനുചരരും മദീനയിലേക്ക് പലായനം ചെയ്തു. സമാധാനത്തോടെ ജീവിക്കാനാണ് പലായനം ചെയ്തത്. സ്വന്തമായി സൈന്യത്തെ ഉണ്ടാക്കുവാനോ ഏതെങ്കിലും ഗ്രൂപ്പിനെ സൃഷ്ടിക്കുവാനോ അല്ല.. മറുഭാഗത്ത്, എതിരാളികൾ മക്കയിൽ ഒരു സൈന്യത്തെ തയ്യാറാക്കുകയും മദീനയുടെ മേൽ ആക്രമണം നടത്തുകയും ബദ്ർ യുദ്ധം നടക്കുകയും ചെയ്തു. നബിﷺതിരുമേനി ഈ യുദ്ധത്തിന് തയ്യാറല്ലായിരുന്നു. മുസ്‌ലിങ്ങളുടെയടുക്കൽ ഏതാനും കുതിരകളും ഒട്ടകങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏതാനും ചില തടിയുടെ വാളുകളും. എന്നാൽ, മക്കയിൽ നിന്നും വന്ന എതിരാളികളുടെ സൈന്യം യുദ്ധ സാമഗ്രികളും മറ്റും കൊണ്ട് സജ്ജമായിരുന്നു. ഉന്നതനായ അല്ലാഹുവിന്റ അനുവാദത്തോടെ മുസ്‌ലിങ്ങൾ ഈ യുദ്ധം ചെയ്യുകയും ശത്രുക്കളെ എതിരിടുകയും ചെയ്തു.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു----നമ്മുടെ പരിപാലകൻ അല്ലാഹുവാണെന്ന് പ്രഖ്യാപിച്ചവരെ അന്യായമായി സ്വന്തം വീട്ടിൽ നിന്നും പുറത്താക്കപ്പെട്ട കാരണത്താൽ പുറത്താക്കിയവർക്കെതിരിൽ പ്രതിരോധ യുദ്ധം ചെയ്യാൻ അനുമതി നല്കപ്പെടുന്നു. ഉന്നതനായ അല്ലാഹുവിന്റെ ഭാഗത്തു നിന്നും ചിലരെ മറ്റ് ചിലരെക്കൊണ്ട് തടുത്തില്ലായിരുന്നുവെങ്കിൽ മഠങ്ങൾ തകർക്കപ്പെടുമായിരുന്നു. അമ്പലങ്ങളും യുഹൂദ ആരാധനാലയങ്ങളും ദൈവത്തിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന പള്ളികളും തകർക്കപ്പെടുമായിരുന്നു. നിശ്ചയമായും അല്ലാഹു അവനെ സഹായിക്കുന്നവരെ സഹായിക്കുന്നവനാണ്. ജിഹാദ് ചെയ്യാനുള്ള അനുവാദം നല്കപ്പെട്ടത് അമുസ്‌ലിങ്ങൾ അക്രമണം നടത്തിയപ്പോഴാണ്. ശക്തിപ്രയോഗം ഉണ്ടായപ്പോഴാണ്. പ്രതിരോധിക്കാൻ മുസ്‌ലിങ്ങൾ നിർബന്ധിക്കപ്പെട്ടപ്പോഴാണ്.

ഇക്കാലഘട്ടത്തിൽ ശത്രുക്കൾ ഇസ്‌ലാമിന്നെതിരിൽ വാളെടുക്കാതിരിക്കെ, ഇസ്‌ലാമിന്നെതിരിൽ ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ട് യുദ്ധം ചെയ്യാതിരിക്കെ ഇസ്‌ലാമിന്നെതിരിൽ ഇലക്ട്രോണിക്, പ്രിന്റ് മീഡിയ ഉപയോഗിക്കുകയും ചെയ്യുമ്പോൾ അവരെ നേരിടാൻ പൂർണ്ണതോതിൽ ലിറ്ററേച്ചർ ഉപയോഗപ്പെടുത്തണമെന്നതാണ് നമ്മുടെ വിശ്വാസം. അതിനു വേണ്ടി എതിരാളികൾ ഉപയോഗിക്കുന്ന ഇലക്ട്രോണിക്, പ്രിന്റ് മീഡിയ മാർഗ്ഗങ്ങളെ നാം ഉപയോഗിക്കുന്നു. ഇതേ മാർഗ്ഗങ്ങളിലൂടെ ഇസ്‌ലാമിനെ പ്രതിരോധിക്കപ്പെടണം.

ഗ്രന്ഥങ്ങൾകൊണ്ടും തൂലികകൊണ്ടും മീഡിയാ മുഖേനയും ജിഹാദ് ചെയ്യുന്നത് ഇന്ന് ലോകത്ത് കേവലം അഹ്മദികൾ മാത്രമാണ്. ഇസ്‌ലാമിന്നെതിരിലും നബിﷺ തിരുമേനിയുടെ വിശുദ്ധ ജീവിതത്തിന്നെതിരിലും ആക്ഷേപം ഉന്നയിക്കുന്നവരെ പ്രതിരോധിക്കുന്നവര് കേവലം അഹ്മദികൾ മാത്രമാണ്.

മറ്റൊരു ചോദ്യത്തിന് ഹുദൂർ ഇങ്ങനെ മറുപടി നല്കി: ഹദ്റത്ത് വാഗ്ദത്ത മഹ്ദീമസീഹ് ‏ﷺ നെ നമ്മൾ ശരീഅത്ത് വാഹിയല്ലാത്ത നബി എന്ന് വിശ്വസിക്കുന്നു. മറുഭാഗത്ത് ഇസ്രയേൽ ജനതയിലേക്ക് നിയോഗിതരായ ഹദ്റത്ത് മസീഹ് ‏ﷺ രണ്ടാമത് വീണ്ടും അവതരിക്കുമ്പോൾ നബി എന്ന നിലയിൽ തന്നെ വരുമെന്ന് മുസ്‌ലിങ്ങൾ പറയുന്നു. പുരാതന നബി വരുമ്പോൾ ഖത്മുന്നുബുവത്തിന്റെ സീൽ മുറിയില്ലെങ്കിൽ പിന്നെ നബിﷺതിരുമേനിയുടെ ഉമ്മത്തിൽ നിന്നു വരുന്ന വ്യക്തി അതിനെ എങ്ങനെ ഉടക്കാനാണ്.

നബിﷺതിരുമേനിയെ പരിപൂർണമായും പിൻപറ്റിയതുകൊണ്ടും ആ മഹാത്മാവിനുമേൽ അധികമധികമായി സ്വലാത്തും സലാമും ചൊല്ലിയതുകൊണ്ടുമാണ് നബി എന്ന പദവി തനിക്ക് നല്കപ്പെട്ടതെന്ന് ഹദ്റത്ത് വാഗ്ദത്ത മസീഹ് ‏ﷺ വ്യക്തമാക്കിയിട്ടുണ്ട്.

നബിﷺതിരുമേനിയുടെ ഉമ്മത്തിൽനിന്ന് ആരെയെങ്കിലും നബി എന്ന നിലയിൽ നിയോഗിക്കുന്നതിന് അല്ലാഹുവിന് കഴിവില്ലേ? മൂസവീ ഉമ്മത്തിൽനിന്നു മാത്രമേ നബിയെ സ്വീകരിക്കുകയുള്ളോ? നബിﷺ തിരുമേനി മണ്ണിൽ ഖബറടക്കപ്പെടുകയും ഈസാമസീഹ് ആകാശത്തിൽ ജീവനോടെ ഇരിക്കുക എന്നതും എങ്ങനെ സാധ്യമാകാനാണ്?

ഒരു ചോദ്യത്തിന് ഹുദൂർ പറഞ്ഞു: നമ്മുടെ എല്ലാ അധ്യാപനങ്ങളും തുറന്നനിലയിലുള്ളതാണ്. നമ്മുടെ ഗ്രന്ഥങ്ങൾ നിലവിലുണ്ട്. ഇന്റർനെറ്റിലും അൽഇസ്‌ലാം വെബ്സൈറ്റിലും നമ്മളെ കുറിച്ചുള്ള സകല വിവരങ്ങളുമുണ്ട്. നമ്മൾ പറയുന്ന കാര്യങ്ങൾ തുറന്ന് പറയുകയും അത് അവതരിപ്പിക്കുകയും ചെയ്യുന്നതായിരിക്കും. എം.ടി.എയിൽ അതായത് മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായിൽ നമ്മുടെ ധാരാളം പരിപാടികൾ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തെ വിവിധ ഭാഷകളിൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മറ്റു ചില ചോദ്യങ്ങളെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: ***ദഅ്‌വത്തുൽ അമീർ*** എന്ന ഗ്രന്ഥം വായിക്കുക. അതിൽ ഇക്കാലഘട്ടത്തിലുയരുന്ന ചോദ്യങ്ങൾക്ക് മറുപടിയുണ്ട്. എല്ലാ ദർശനങ്ങളും അതിൽ സൂചിപ്പിക്കുന്നുണ്ട്. തഫ്‌സീറുൽ ഖുർആന് ഒരാമുഖം എന്ന ഗ്രന്ഥത്തിന്റെ അവസാന ഭാഗം വായിക്കുക. അതിൽ നബിﷺതിരുമേനിയുടെ ചരിത്രമുണ്ട്.

ഒരു ചോദ്യത്തിന് ഹുദൂർ പറഞ്ഞു: നമ്മുടെ വിരോധികളായ അനഹ്മദികൾ നമ്മു

ശേഷം പേജ് 8 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin